VOL NO: 04 | ISSUE 13
www.nerpatham.com
mail@nerpatham.com

2020 MARCH 28 | ₹12

# നേർപഥം

വാരിക

# മനുഷ്യരേ, നാം ഒന്നാണ്

സാമൂഹ്യജീവിയാണ് മനുഷ്യൻ. ഇതര ജീവവർഗങ്ങളിൽ നിന്ന് വിഭിന്നമായി മറ്റുള്ളവരുടെ നിലനിൽപ്പു കൂടി തന്റെ അതിജീവനത്തിന് ആധാരമാക്കേണ്ടവനാണ് അവൻ. സാമൂഹികമായ ഭിന്നിപ്പ് മനുഷ്യരുടെ സൈ്വര്യജീവിതത്തിന് നഷ്ടങ്ങളല്ലാതെ ഒന്നും വരുത്തിവെക്കുകയില്ല. കേവലം സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി മത-സാമുദായിക-രാഷ്ട്രീയ ഭിന്നിപ്പിന് ശ്രമിക്കുന്ന അധികാരികൾ ചെയ്യുന്നത് തുല്യതയില്ലാത്ത ദ്രോഹം തന്നെയാണ്.



പരസ്പരം മനസ്സിലാക്കുക

യുക്തിദീക്ഷയും സഹനശീലവും

ജനങ്ങളെ കേൾക്കാത്ത ഭരണാധികാരികൾ

## മതനിഷേധത്തിന് മഹാമാരിയെ മറയാക്കുകയോ?

രാജ്യത്ത് എന്തു ദുരിതം വന്നുചേർന്നാലും അത് ദൈവനിഷേധത്തിന് തെളിവാക്കാനും മതത്തെ പരിഹസിക്കാനുമായി കച്ചകെട്ടിയ ഒരു കൂട്ടരുണ്ട്. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഭാഗഭാക്കാവാനോ ബോധവൽക്കരണങ്ങളിൽ പങ്കാളികളാവാനോ ഒരിക്കൽ പോലും തയ്യാറായിട്ടില്ലാത്ത ഈ ന്യൂനപക്ഷം സമൂഹത്തിന് നൽകുന്ന സന്ദേശമെന്താണ്?!



GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600

# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

/greenvalleycampus

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

0167 / 2020 മാർച്ച് 28 / 1441 ശഅബാൻ 04 / പുസ്തകം 04 / ലക്കം 13

നേർപഥം
വാരിക



# മനുഷ്യരേ, നാം ഒന്നാണ്

ടി.കെ.അശ്റഫ് / 10


**മുഖമൊഴി**

പരസ്പരം മനസ്സിലാക്കുക / 05
എഡിറ്റർ

**അഭിമുഖം**

ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത / 06
കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി

**ലേഖനം**

ദാമ്പത്യജീവിതം: വിശ്വാസികൾ ശ്രദ്ധിക്കേണ്ടത് / 16
മജീദ് ബസ്താക്ക്, കണ്ണൂർ

ജനങ്ങളെ കേൾക്കാത്ത ഭരണാധികാരികൾ / 18
നബീൽ പയ്യോളി

യുക്തിദീക്ഷയും സഹനശീലവും / 23
അബ്ദുൽ ജബ്ബാർ മദീനി

**വിമർശനം**

മതനിഷേധത്തിന് മഹാമാരിയെ മറയാക്കുകയോ? / 20
അബ്ദുൽ മാലിക് സലഫി

**വിവർത്തനം**

പ്രമാണങ്ങളെ അവഗണിക്കുന്നവർ / 26
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**ക്വുർആൻ ദർശനം**

ത്വലാഖ് (വിവാഹമോചനം) ഭാഗം: 2 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

പറങ്കിമാങ്ങാമണമുള്ള വേനലവധിക്കാലം / 34
ഇബ്നു അലി എടത്തനാട്ടുകര



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു



### വെള്ളം: നാം ശ്രദ്ധിക്കേണ്ടത്

അല്ലാഹു മനുഷ്യന് നൽകിയ, പകരം വെക്കാനില്ലാത്ത, സുപ്രധാനമായ അനുഗ്രഹങ്ങളിൽ ഒന്നാണ് വെള്ളം. നമുക്ക് കുടിക്കാനും കുളിക്കാനും ഭക്ഷണം പാകംചെയ്യാനും വസ്ത്രം അലക്കാനുമെല്ലാം വെള്ളം കൂടിയേ തീരൂ.

എന്നാൽ, ഇന്ന് ശുദ്ധജലത്തിന്റെ വിഷയത്തിൽ വലിയ പരീക്ഷണത്തിലേക്കാണ് സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നത്. ശുദ്ധജലത്തിന് വേണ്ടി മനുഷ്യർ പരസ്പരം കലഹിക്കുന്ന കാലം വിദൂരമല്ലെന്നാണ് ആ രംഗത്ത് പഠനം നടത്തിയവർ താക്കീത് നൽകുന്നത്. കിണറുകളും കുഴൽകിണറുകളും കുളങ്ങളും പുഴകളും അരുവികളും കനാലുകളുമെല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

1. ഒരു തുള്ളി വെള്ളം പോലും പാഴായി പോകുന്നില്ലെന്ന് നാം ഉറപ്പ് വരുത്തുക. 'ഒഴുകുന്ന പുഴയിൽ നിന്ന് വുദൂഅ് ചെയ്യുമ്പോഴും വെള്ളം മിതമായേ ഉപയോഗിക്കാവൂ' എന്നാണല്ലോ പ്രവാചകാധ്യാപനം!

2. അല്ലാഹുവിന്റെ താക്കീതിനെ ഓർക്കുക: 'ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൻ നിന്ന് ഇറക്കിയത്, അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?'' (ക്വുർആൻ 56:68-70).

'പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവുവെള്ളം കൊണ്ടുവന്ന് തരിക?" (67:30)

"ആകാശത്തുനിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചുകളയാൻ തീർച്ചയായും നാം ശക്തനാകുന്നു" (23:18).

3. വെള്ളം സമൃദ്ധമായി ലഭിക്കാൻ ഏകനായ റബ്ബിനെ മാത്രം ആരാധിക്കുകയും പാപമോചനപ്രാർഥനയിലൂടെ അവനിലേക്ക് അടുക്കുകയും ചെയ്യുക.

നൂഹ്നബിﷺ ജനതയോട് പറഞ്ഞത് കാണുക: "അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും" (71:10,11)

**-ടി.കെ. ത്വൽഹത്ത് സ്വലാഹി**

### സ്വർഗത്തിലെ പാൽചായ

"ഉസ്താദേ, സ്വർഗത്തിൽ പാൽചായ കിട്ടോ?"

നാലാം ക്ലാസിലെ നാസറിന്റെ ചോദ്യം കേട്ട് ഉസ്താദ് അമ്പരന്നു. ഇഹലോകത്ത് അല്ലാഹുവിനെ മാത്രം ആരാധിച്ചും നന്മചെയ്തും മറ്റുള്ളവരെ സഹായിച്ചുമൊക്കെ ജീവിച്ചു മരിച്ചുപോയാൽ കിട്ടുന്ന സ്വർഗീയ അനുഗ്രഹങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ ഇങ്ങനെയൊരു ചോദ്യം പ്രതീക്ഷിക്കാത്ത ഉസ്താദ് അവനോട് കാര്യം തിരക്കി.

അഞ്ചാം വയസ്സിൽ മരിച്ചുപോയ, അവന്റെ അനിയനുവേണ്ടിയായിരുന്നു ആ ചോദ്യം. ബാപ്പാന്റെ ചായക്കടയിലെ തിരക്കുള്ള സമയത്ത് കളിക്കാൻ പോകുന്നതിനുമുമ്പായി ചെന്ന് പാൽചായക്കുവേണ്ടി വാശിപിടിച്ചു കരഞ്ഞ അനിയനെ ബാപ്പ പിന്നീട് വരാൻ പറഞ്ഞ് ആട്ടിവിട്ടതിന് ഈ ജ്യേഷ്ഠൻ സാക്ഷിയാണ്. വീടിന്റെ അൽപം അടുത്താണ് ചായക്കട. വീട്ടിൽനിന്ന് കിട്ടുന്ന കട്ടൻചായ വേണ്ടെന്നു പറഞ്ഞാണ് അവൻ ബാപ്പാന്റെ ചായക്കടയിൽ ചെന്നത്. എന്നാൽ സങ്കടത്തോടെ തിരിച്ചുപോയ അനുജൻ അപസ്മാരമിളകി കുളത്തിൽ വീണു മരിക്കുകയാണുണ്ടായത്. കൊച്ചനിയന്റെ നടക്കാതെപോയ മോഹം സ്വർഗത്തിൽ വെച്ചെങ്കിലും നടക്കുമോ എന്നതാണ് കൊച്ചു ജ്യേഷ്ഠന് അറിയേണ്ടത്! താൻ പഠിച്ചതും പഠിപ്പിച്ചതുമായ സാഹോദര്യ പാഠങ്ങളിൽ മികച്ചതായി തോന്നിയ ഈ സ്നേഹം ഉസ്താദിനെ ഏറെ നൊമ്പരപ്പെടുത്തി. ആശിച്ചതെന്തും സ്വർഗത്തിൽ ലഭിക്കുമെന്നു പറഞ്ഞ് ഉസ്താദ് അവനെ ആശ്വസിപ്പിച്ചു.

സ്നേഹവും സാഹോദര്യവും വിനഷ്ടമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഇത്തരം ആത്മാർഥ സ്നേഹം നിറഞ്ഞ മനസ്സിന്റെ ഉടമകളായ പുതുതലമുറ വളർന്നുവരേണ്ടതുണ്ട്.

**-അബ്ദുൽ ഹകീം, എടത്തറ**

# പരസ്പരം മനസ്സിലാക്കുക

> ‘പരസ്പരം മനസ്സിലാക്കാൻ കഴിവില്ലാത്തവർക്കിടയിൽ ആദ്യം തോറ്റുപോകുന്നത് സ്നേഹമാണ്.’

**ചു**റ്റുമൊന്ന് കണ്ണോടിക്കുക. ശിഥിലമായതും ശിഥിലമായിക്കൊണ്ടിരിക്കുന്നതുമായ ഒട്ടേറെ ബന്ധങ്ങൾ കാണാം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, ഭാര്യാഭർതൃബന്ധം, അയൽപക്കബന്ധം, സുഹൃദ്ബന്ധം, ഇതരമതസ്ഥർ തമ്മിലുള്ള ബന്ധം, മേലുദ്യോഗസ്ഥരും കീഴ്ജീവനക്കാരും തമ്മിലുള്ള ബന്ധം, തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ബന്ധം...തുടങ്ങി രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ വരെ ദുർബലമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നമുക്കിന്ന് കാണുവാൻ സാധിക്കുന്നത്.

ആർക്കും ആരെയും വിശ്വാസമില്ല. താൻ എവിടെയും സുരക്ഷിതനല്ല എന്ന ബോധം മനുഷ്യനെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്നു. കുട്ടികൾ തട്ടിക്കൊണ്ടുപോകപ്പെടുന്നു. പിഞ്ചുകുഞ്ഞുങ്ങൾ മുതൽ വയോവൃദ്ധകൾ വരെ പീഡനത്തിനിരകളാകുന്നു. ആസൂത്രിതമായ വർഗീയലഹളകൾ പൊട്ടിപ്പുറപ്പെടുന്നു. ആൾക്കൂട്ട കൊലപാതകങ്ങൾ അരങ്ങേറുന്നു. സ്വന്തം രാജ്യത്തെ അസ്തിത്വം പോലും ചോദ്യം ചെയ്യപ്പെടുന്നു.

വൈജ്ഞാനിക രംഗത്ത്, ശാസ്ത്ര-സാങ്കേതികരംഗത്ത് ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുമ്പോഴും എന്തുകൊണ്ട് മനുഷ്യരിൽനിന്ന് ഉദാത്തമായ മാനുഷിക ഗുണങ്ങൾ നഷ്ടപ്പെടുന്നു? എന്തുകൊണ്ട് അധർമങ്ങളിൽ ആണ്ടുപോകുവാൻ വിദ്യാസമ്പന്നർ പോലും മടികാണിക്കാതിരിക്കുന്നു? എന്തുകൊണ്ട് വർഗീയ ചിന്തകൾ തലപൊക്കുന്നു? യുക്തിവാദികൾ പറയുന്നു മതമാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന്!

വാസ്തവത്തിൽ മതങ്ങളൊന്നും അക്രമത്തെയും മാനവികവിരുദ്ധ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതായോ അതിന് നിർദേശം നൽകുന്നതായോ കാണുവാൻ സാധ്യമല്ല. മതമല്ല, മതത്തെ ഭൗതികമായ സ്വാർഥ ലാഭങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നവരാണ് പ്രശ്നം. മതമെന്തെന്നറിയാതെ, മതത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാതെ മതത്തിന്റെ മേലങ്കിയണിഞ്ഞ് ജീവിക്കുന്നവരാണ് പ്രശ്നം. മതത്തെയെന്നല്ല, എന്തിനെയും ഇങ്ങനെ ദുരുപയോഗം ചെയ്യുവാൻ സാധിക്കുമെന്നതിൽ സംശയമില്ല.

മറ്റുള്ളവരെ അറിയാനും മറ്റുള്ളവരിലെ നന്മകളെ അംഗീകരിക്കുവാനുമുള്ള മനസ്സാണ് വേണ്ടത്. പരസ്പരം അറിയുക എന്നത് ഏത് ബന്ധത്തെയും ഊഷ്മളമാക്കും. അതിനു സാധിച്ചില്ലെങ്കിൽ ബന്ധം വഷളാകും. ഉദാഹരണമായി ദാമ്പത്യബന്ധത്തെയെടുക്കുക. ഇണകൾ പരസ്പരം മനസ്സിലാക്കി ജീവിക്കുന്നില്ലെങ്കിൽ അവരുടെ ജീവിതം ദുരിതമയമായിരിക്കും. കുറ്റങ്ങളും കുറവുകളും മാനുഷികമാണ്. അതിലേക്ക് മാത്രം നോക്കുകയാണെങ്കിൽ പിന്നെ രക്ഷയില്ല. ഇണയോടുള്ള സ്നേഹം വറ്റിവരളാൻ അതുതന്നെ മതിയാകും. എന്നാൽ തിരുത്തേണ്ടത് മാന്യമായ രൂപത്തിൽ പറഞ്ഞ് തിരുത്താൻ പ്രേരിപ്പിക്കാം. സർവോപരി സ്വന്തം കാര്യത്തെക്കുറിച്ച് ചിന്തിക്കാം. ഞാൻ സമ്പൂർണ വ്യക്തിയാണോ? ഞാൻ ന്യൂനതകളില്ലാത്ത മനുഷ്യനാണോ? ഈ ചോദ്യം സ്വയം ചോദിക്കുക. അതോടെ തീരും നമ്മിലെ ഞാനെന്ന ഭാവം. ഇണയുടെ എണ്ണമറ്റ നന്മകളിലേക്കും സൽസ്വഭാവങ്ങളിലേക്കും കണ്ണോടിച്ചാൽ ന്യൂനതകളും പെരുമാറ്റദൂഷ്യവുമൊക്കെ എത്രയോ ചെറുതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

എല്ലാ ബന്ധങ്ങളുടെയും കാര്യം ഇതുതന്നെയാണ്. സ്വയം നന്നാവുക; മറ്റുള്ളവരിലെ നന്മകളെ മനസ്സിലാക്കുക, അർഹമായ അംഗീകാരവും സ്നേഹവും നൽകുക. ●

കെ.ഇ.എൻ കുഞ്ഞഹമ്മദ്
ഡോ. സി. മുഹമ്മദ് റാഫി

അഭിമുഖം



# ഫാഷിസം, ജനാധിപത്യം, മതനിരപേക്ഷത

2

***ച**രിത്രത്തിലെ ഏതെങ്കിലും ഘട്ടത്തിൽ ഷഹീൻബാഗ് പോലെയൊരു സമരത്തിന് സമാനത കണ്ടെത്താൻ സാറിന്റെ വായനയിലൂടെയോ മറ്റോ സാധിച്ചിട്ടുണ്ടോ? ഇന്ത്യൻ സ്വാതന്ത്ര്യസമര കാലത്ത് രാജ്യം മുഴുവൻ കത്തിപ്പടർന്ന, എല്ലാവരിലും ആവേശം നിറച്ച ഏതെങ്കിലും ഒരു സമരത്തോട് ഷഹീൻ ബാഗിനെ ചേർത്തുവെക്കാൻ-ചരിത്രത്തിൽ അങ്ങനെ കാണാൻ-സാധിക്കുമോ?*

ലോകത്തിൽ പലതരത്തിലുള്ള സമരങ്ങൾ വന്നിട്ടുണ്ട്. ഉദാഹരണമായിട്ട് ജർമനിയെ കുറിച്ചും അതുപോലെ തന്നെ ഇറ്റലിയെ കുറിച്ചുമൊക്കെ പറയുമ്പോൾ ഇറ്റലിക്കകത്തും ജർമനിക്കകത്തും ഫാഷിസത്തിനെതിരെയുള്ള വലിയ പ്രതിരോധങ്ങൾ, പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ, ആ പ്രതിരോധങ്ങളെയും പ്രക്ഷോഭങ്ങളെയും ഒക്കെ ചിതറിപ്പിക്കുന്നതിൽ അവിടുത്തെ ഫാഷിസ്റ്റുകളും നാസികളുമൊക്കെ വിജയിച്ചിട്ടുണ്ട്. എന്നാൽ ഷഹീൻബാഗിലേക്ക് വരുമ്പോൾ നമ്മൾ കാണുന്നത് കുട്ടികളും സ്ത്രീക

ളും പ്രായമായവരുമടക്കം നടത്തുന്നതാണ്. ഈ സമരത്തെ പലവിധ പ്രകോപനങ്ങൾ ഉണ്ടാക്കിയും നുഴഞ്ഞുകയറിയിട്ടും പൊളിക്കാൻ ഇന്ത്യയിലെ ഫാഷിസ്റ്റുകൾ ശ്രമിച്ചിട്ടും അത് പൂർവാധികം ശക്തിപ്പെടുന്നതാണ് നമ്മൾ കാണുന്നത്. അത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഈ ഷഹീൻ ബാഗ് മോഡൽ സമരം നടന്നതായിട്ട് എന്റെ വായനയിൽ ഓർമിച്ചെടുക്കാൻ പറ്റുന്നില്ല. ഈ സമരത്തിനുള്ള പ്രത്യേകത എന്താണെന്ന് വെച്ചാൽ; ഈ സമരം നടക്കുന്നത് ഒരു സംഘടിത രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയോ അല്ലെങ്കിൽ ഒരു സംഘടനയുടെയോ ഔപചാരികമായ ആഹ്വാനം ഒന്നും ഇല്ലാതെ, ജനങ്ങൾ സ്വയം സമരത്തിലേക്ക് വരുകയാണ് ചെയ്യുന്നത് എന്നതാണ്. അതും ഇത്തരത്തിലുള്ള ഒരു സമരം ചെയ്ത് പരിചയമൊന്നുമില്ലാത്ത ആളുകൾ. പക്ഷേ, പരിചയമുള്ള ആളുകളെയൊക്കെ അമ്പരപ്പിക്കുന്ന തരത്തിൽ വലിയൊരു ഔചിത്യവും ഔന്നത്യവും പുലർത്തുന്നതിലേക്ക് അവർ ഉയരുകയാണ് ചെയ്തത്. അതുകൊണ്ട് സമീപകാലത്തൊന്നും സമാനതകളില്ലാത്ത സമരമായി മാറിയിരിക്കുന്നു ഷഹീൻ ബാഗ്.

കുട്ടികളും സ്ത്രീകളും അടക്കമുള്ളവർ തുടർച്ചയായി ഒരു പ്രദേശത്തു സമരം ചെയ്യുകയും ആ പ്രദേശത്തിന്റെ വീര്യം ഉൾക്കൊണ്ട് മറ്റു പല പ്രദേശത്തും സമാനമായിട്ടുള്ള സമരങ്ങൾ ഉയർന്നുവരികയും ചെയ്തതിന് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സമാന ചരിത്രം ഉണ്ടെന്ന് എനിക്ക് ഓർമയിൽ വരുന്നില്ല.

ഞാൻ മനസ്സിലാക്കിയിടത്തോളം ഇത് വേറിട്ടൊരു സമരമാണ്. ഇത് സ്വാതന്ത്ര്യസമരത്തിൽ നിന്നും ഊർജം ഉൾക്കൊള്ളുന്നുണ്ട്. അത് ഈ സമരം നടത്തുന്നവർക്ക് ഒരു പക്ഷേ, അറിഞ്ഞാലും ഇല്ലെങ്കിലും. കാരണം ഇരുപതുകളിലെ നിസ്സഹകരണ സമരത്തിന്റെ ഒരു സൂക്ഷ്മത ഈ സമരത്തിലേക്ക് അറിയാതെ വന്നുചേരുന്നുണ്ട്. അത് ഇവർ പഠിച്ചിട്ടൊന്നുമല്ല, ഇവർ മനസ്സിലാക്കിയിട്ടൊന്നുമല്ല.

പക്ഷേ, അവർക്ക് ഒന്നറിയാം; അവർക്ക് അവരുടെ ജീവിതം വളരെ പ്രധാനപ്പെട്ടതാണ്. അവർ നിരവധി ജീവിത പ്രയാസങ്ങൾ അനുഭവിക്കുന്നവരും അതിനോട് പ്രതികരിക്കുന്നവരും തന്നെയാണ്. പക്ഷേ, ഇതൊരു പുതിയ പ്രശ്നമാണ്. അതായത് പൗരാവകാശങ്ങളുടെ നിഷേധമാണ് ഇതുവരെ അനുഭവിച്ച പ്രശ്നം. എന്നാൽ ഇപ്പോൾ പൗരത്വം തന്നെ നിഷേധിക്കപ്പെടുന്ന പ്രശ്നമാണ് മുന്നിലുള്ളത്.

ഇത് രണ്ടും രണ്ടാണ്. പക്ഷേ, അത്ഭുതകരമായ കാര്യം, പൗരാവകാശങ്ങളുടെ നിഷേധത്തെക്കാൾ എത്രയെത്രയോ അപകടം ഉണ്ടാക്കുന്നതാണ് പൗരത്വം പൊളിക്കുന്ന പ്രവർത്തനമെന്ന് ഏതോ സഹജാവബോധം കൊണ്ട് ഇന്ത്യൻ ജനത മനസ്സിലാക്കിക്കഴിഞ്ഞു എന്നുള്ളതാണ്. അതിന്റെ കാരണമെന്താണെന്ന് പറഞ്ഞാൽ പൗരാവകാശം നിഷേധിക്കപ്പെട്ടാൽ നമുക്ക് പൗരാവകാശങ്ങൾക്ക് വേണ്ടി ശബ്ദിക്കാൻ പറ്റും. എന്നാൽ പൗരത്വം നിഷേധിക്കപ്പെട്ടാൽ നമുക്ക് നെഞ്ചത്തടിച്ചു നിലവിളിക്കാനുള്ള സ്വാതന്ത്ര്യം പോലും നഷ്ടമാകും. അത് ജനങ്ങൾ മനസ്സിലാക്കി എന്നുള്ളതാണ് കാര്യം. ആരും പ്രത്യേകിച്ച് പ്രചാരണം ഒന്നും നടത്താതെയാണ് ഈ തിരിച്ചറിവിലേക്ക് ജനത വന്നത്. സത്യത്തിൽ ഈ ഇരുട്ടിലും പ്രതീക്ഷക്ക് ധാരാളം സാധ്യതകൾ ഉണ്ട് ഇന്ത്യൻ മതനിരപേക്ഷതക്ക്, ജനാധിപത്യത്തിന് എന്നത് നമുക്ക് ഊർജം നൽകുന്ന ഒന്നാണ്.




*അങ്ങ് സംസാരത്തിനിടെ പറഞ്ഞു; സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ ഷഹീൻബാഗിലേക്ക് മധ്യസ്ഥന്മാരെ നിയോഗിക്കാനും സമരം ചെയ്യുന്നവരോട് സംസാരിക്കാൻ പോലും എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ല എന്നും ജഡ്ജി ചോദിക്കുകയുണ്ടായി എന്ന്. സമാനമായ ചോദ്യം ബോംബെ ഹൈക്കോടതിയിൽ നിന്നും അവിടെയുള്ള ഒരു സമരവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നു. ഇതിൽനിന്നും സമരം മുന്നോട്ട് പോകുന്ന ഈ ഘട്ടത്തിൽ സമരത്തിന്റെ സന്ദേശം ന്യായാധിപന്മാരിലടക്കം എത്തിച്ചേർന്നു എന്ന ഒരു ആശ്വാസത്തിലേക്ക് ഇന്ത്യൻ ജനതയെ അല്ലെങ്കിൽ ജനാധിപത്യ ചേരിയെ എത്തിക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട് എന്ന് നമുക്ക് വിലയിരുത്താൻ സാധിക്കും. ഈ അർഥത്തിൽ സമരത്തിന്റെ ഭാവിയെ പറ്റിയുള്ള ശുഭപ്രതീക്ഷ നിയമവൃത്തങ്ങളിൽ നിന്നും ജുഡീഷ്യറിയിൽ നിന്നും നമുക്ക് എത്രത്തോളം വച്ചുപുലർത്താൻ സാധിക്കും?*

ജുഡീഷ്യറി സത്യത്തിൽ ഭരണഘടനയെ സംബന്ധിച്ചിടത്തോളം, ഒരു രാഷ്ട്രവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. ഉദാഹരണമായിട്ട്; സർക്കാർ ജനങ്ങളുടെ പൗരാവകാശങ്ങൾ എടുത്തുകളയുക, പൗരത്വം നിഷേധിക്കുകയൊക്കെ ചെയ്യുമ്പോൾ ജനങ്ങൾ പല തരം പ്രക്ഷോഭങ്ങൾ നടത്തും. സത്യത്തിൽ അത്തരം ഒരു പ്രക്ഷോഭം തന്നെയാണ് സുപ്രീംകോടതിയിൽ ജനങ്ങൾ സമർപ്പിക്കുന്ന ഹർജികളും. അതായത് നിയമപോരാട്ടം എന്ന് പറയുന്നത് ജനാധിപത്യ വ്യവസ്ഥയുടെ ന്യൂക്ലിയസാണ്. ആ അർഥത്തിൽ ഈ പൗരത്വവിരുദ്ധ ബില്ലിനെതിരെ സുപ്രീം കോടതിയിൽ വ്യക്തികളും സംഘടനകളുമൊക്കെ നിരവധി കേസുകൾ കൊടുത്തിട്ടുണ്ട്. കേരള സർക്കാർ തന്നെ ഒരു കേസ് കൊടുത്തിട്ടുണ്ട്. അതുപോലെ ഷഹീൻബാഗ് സമരത്തിന്റെ വിഷയത്തിൽ സുപ്രീം കോടതിക്ക് ഇടപെടേണ്ടി വന്നു.

നേരത്തെ നിങ്ങൾ പറഞ്ഞപോലെ കുട്ടികളും സ്ത്രീകളും മുതിർന്നവരും ഭിന്നശേഷിക്കാരും അടക്കമുള്ളവർ പങ്കെടുക്കുന്ന, ഇന്ത്യ ഇതുവരെ കണ്ടിട്ടില്ലാത്ത ഇത്തരം ഒരു സമരം നടത്തുമ്പോൾ ആ സമരത്തോട് ജനാധിപത്യപരമായി സംവദിക്കാൻ ഇന്ത്യൻ സർക്കാർ തയാറായില്ല; ഒരു ഫാഷിസ്റ്റ് സർക്കാർ അതിന് തയ്യാറാകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. മാത്രമല്ല അതിനെ അപകീർത്തിപ്പെടുത്താനാണ് അവർ ശ്രമിച്ചത്. യോഗി ആദിത്യനാഥ് നടത്തിയ പ്രസ്താവനയൊക്കെ നോക്കിക്കഴിഞ്ഞാൽ തീർച്ചയായും അമ്പരപ്പിക്കുന്നതാണ്. അത്തരം ഒരു പ്രസ്താവന നടത്താൻ പാടില്ല. ഒരു പക്ഷേ, നരേന്ദ്രമോഡി ആയിരിക്കണം യോഗി ആദിത്യനാഥിന്റെ ഗുരുനാഥൻ. കാരണം അദ്ദേഹം പറഞ്ഞല്ലോ, വസ്ത്രം നോക്കിയിട്ട് സമരം ചെയ്യുന്നവരെ മനസ്സിലാക്കാൻ പറ്റുമെന്ന്. ഇത് പറഞ്ഞത് ഒരു രാഷ്ട്രത്തിന്റെ പ്രധാനമന്ത്രിയാണെന്നുള്ളത് ആ പ്രധാനമന്ത്രിക്കും രാഷ്ട്രത്തിനും ആ രാഷ്ട്രത്തിലെ ജനതക്കും നാണക്കേടുണ്ടാകുന്ന കാര്യമാണ്.സമരത്തെ എതിർക്കാം. സമരം നടത്താൻ പാടില്ലെന്ന് പറയാം. പക്ഷേ, ഒരു രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി ആ രാഷ്ട്രത്തിൽ നടക്കുന്ന ഒരു സമരത്തെ ഉദ്ദേശിച്ച്, വസ്ത്രം നോക്കിയാൽ അത് ആര് നടത്തുന്നുവെന്ന് തിരിച്ചറിയാം എന്നു പറയുന്നത് അപകടകരമാണ്. മതവിവേചനമാണ് ഈ ബില്ലിന്റെ മൗലികമായ കാഴ്ചപ്പാട്. ആ മതവിവേചനത്തിനെതിരെ നടക്കുന്ന സമരത്തെപോലും മതവിവേചനത്തിന്റെ ഭാഷയിലൂടെയാണ് എതിർക്കുന്നത്!

ഭരണകൂടവും ഭരണകൂടത്തിന്റെ ഭാഗമായുള്ള മന്ത്രിസഭയും നീതി നൽകാത്തപ്പോൾ ജനങ്ങളുടെ അവസാനത്തെ ആശുപത്രിയാണ് കോടതികൾ. ഇവിടെ മരുന്നുണ്ടാകുമെന്നാണ് ആളുകൾ വിചാരിക്കുന്നത്. അതുകൊണ്ടാണ് അവർ കോടതിയിൽ പോകുന്നത്. അത് നിയമവ്യവസ്ഥയുടെയും ഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും ഒക്കെ ഒരു ശക്തിതന്നെയാണ്. ആ അർഥത്തിൽ സമരം ചെയ്യാൻ ആളുകൾക്ക് അവകാശമുണ്ട്.

**അംബേദ്കർ മുമ്പ് പറഞ്ഞിട്ടുണ്ട്, ഇന്ത്യപോലൊരു രാജ്യത്ത് ജാതി മേൽക്കോയ്മയുള്ള രാജ്യത്ത് മജിസ്ട്രേറ്റിനു മുകളിലാണ് പുരോഹിതന്റെ സ്ഥാനം എന്ന്. ബാബരി വിധിയൊക്കെ നോക്കിക്കഴിഞ്ഞാൽ അംബേദ്കർ പറഞ്ഞത് ഓർമിച്ചുകൊണ്ട് എനിക്ക് തോന്നുന്നത് ജഡ്ജിമാർ തന്നെ പുരോഹിതന്മാരുടെ ഭാഷ സംസാരിക്കുന്ന അവസ്ഥ വന്നോ എന്ന ആശങ്കയാണ്. അതിന്റെ നിയമപരമായ കാര്യങ്ങളെ കുറിച്ച് തലനാരിഴയായി ചർച്ച ചെയ്യാൻ നിയമവിദഗ്ധരടക്കമുള്ളവരും പൊതുപ്രവർത്തകരും ധീരരാകണം.**



'സമരം ചെയ്യുന്നവർ രാജ്യദ്രോഹികളല്ല, സമരം ചെയ്യുന്നവരോട് സംസാരിക്കണം' എന്നൊക്കെയുള്ള ഒരു നിലപാട് കോടതി സ്വീകരിച്ചു എന്നുള്ളത് സ്വാഗതാർഹമാണ്. അതേസമയംതന്നെ ഇന്ത്യയിലെ ഈ നവഫാഷിസ്റ്റുകൾ അധികാരം കണ്ടെത്തുന്ന പശ്ചാത്തലത്തിൽ നമ്മുടെ പൊതുബോധം ആകെ മലിനമായിക്കൊണ്ടിരിക്കുകയാണ്. ഈ മലിനമായ പൊതുബോധം ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലേക്കും അതിക്രമിച്ചു കയറാം. അതിൽനിന്നു കോടതിയും പൂർണമായി മുക്തമാകണമെന്നില്ല.

ഉദാഹരണമായിട്ട് ബാബരിമസ്ജിദിന്റെ വിധിമാത്രം പഠിച്ചാൽ നമുക്ക് മനസിലാകും; പല പ്രധാനപ്പെട്ട സത്യങ്ങളും കോടതി പറഞ്ഞിട്ടുണ്ട്. 1949 ഡിസംബർ 22ന് അതിൽ അതിക്രമിച്ചു കയറി വിഗ്രഹങ്ങൾ വെച്ചതാണ്. കോടതി അത് തെറ്റാണെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ രാമൻ ജീവിച്ച സ്ഥലം പൊളിച്ചിട്ടാണ് പള്ളി പണിതത് എന്നതിന് തെളിവില്ല എന്നും കോടതി പറഞ്ഞിട്ടുണ്ട്. 1992 ഡിസംബർ 6ന് ബലാൽക്കാരമായിട്ട് പള്ളി പൊളിച്ചതാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അങ്ങനെ എല്ലാ കാര്യങ്ങളും കോടതി പറഞ്ഞിട്ടുണ്ട്. പക്ഷേ, ഈ ശരിയായ കാര്യങ്ങളിൽ നിന്നും തെറ്റായ നിഗമനത്തിലേക്കാണ് കോടതി എത്തിയത്. അതിന്റെ കാരണം നമ്മുടെ പൊതുബോധം മലിനമായിക്കഴിഞ്ഞിരിക്കുന്നു എന്നത് തന്നെയാണ്.

അംബേദ്കർ മുമ്പ് പറഞ്ഞിട്ടുണ്ട്, ഇന്ത്യപോലൊരു രാജ്യത്ത് ജാതി മേൽക്കോയ്മയുള്ള രാജ്യത്ത് മജിസ്ട്രേറ്റിനു മുകളിലാണ് പുരോഹിതന്റെ സ്ഥാനം എന്ന്. ബാബരി വിധിയൊക്കെ നോക്കിക്കഴിഞ്ഞാൽ അംബേദ്കർ പറഞ്ഞത് ഓർമിച്ചുകൊണ്ട് എനിക്ക് തോന്നുന്നത് ജഡ്ജിമാർ തന്നെ പുരോഹിതന്മാരുടെ ഭാഷ സംസാരിക്കുന്ന അവസ്ഥ വന്നോ എന്ന ആശങ്കയാണ്. അതിന്റെ നിയമപരമായ കാര്യങ്ങളെ കുറിച്ച് തലനാരിഴയായി ചർച്ചചെയ്യാൻ നിയമവിദഗ്ധരടക്കമുള്ളവരും പൊതുപ്രവർത്തകരും ധീരരാകണം. കോടതി ഇത്രയും കാര്യങ്ങൾ പറഞ്ഞ സ്ഥിതിക്ക് അതിന്റെ അടിസ്ഥാനത്തിൽ വിധി പ്രഖ്യാപിക്കുമ്പോൾ ഇങ്ങനെയല്ലല്ലോ ആ വിധി വരേണ്ടത് എന്ന് ജനങ്ങൾക്ക് തോന്നുന്നുണ്ട്.

മലിനമായ പൊതുബോധം ജീവിതത്തിലെ എല്ലാ മണ്ഡലത്തിലുമെന്നത് പോലെ നീതിന്യായ വ്യവസ്ഥയുടെ അകത്തേക്കും ഇടിച്ചുകയറുകയാണെങ്കിൽ ഒരുപക്ഷേ, ജനങ്ങൾക്ക് പൂർണമായിട്ടും നീതി പ്രതീക്ഷികാൻ കഴിയില്ല. എങ്കിൽ പോലും നിലവിലുള്ള ഒരു സംവിധാനത്തിൽ ഭരണഘടനയും ഭരണ ഘടനയുടെ അനിവാര്യഭാഗമായുള്ള ജുഡീഷ്യറിയും ഒക്കെ തന്നെയാണ് ജനങ്ങളുടെ വലിയൊരു പ്രതീക്ഷ. ആ അർഥത്തിൽ ബഹുജന സമരങ്ങളും നടക്കണം. നിയമത്തിന്റെ മണ്ഡലത്തിലുള്ള സമരങ്ങളും നടക്കണം. അതോടൊപ്പം ഭരണഘടനയുടെ മൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് ആവർത്തിച്ചുറപ്പിക്കു ന്ന തരത്തിൽ ചുരുങ്ങിയത് ഭരണഘടനയുടെ ആമുഖമെങ്കിലും ജനങ്ങൾക്ക് മുമ്പിൽ നിരന്തരം വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും വേണം

അത്തരം ഒരു മുന്നേറ്റം എന്ന നിലിയിൽ ഷഹീൻബാഗ് സമരപ്പന്തലിലൊക്കെ ഇടവിട്ട് ഇടവിട്ട് ഭരണഘടയുടെ ആമുഖം വായിക്കുന്നു. മാത്രമല്ല കേരളത്തിലടക്കം പല സ്ഥലത്തും, വിവാഹത്തിന് പോലും ഭരണഘടനയുടെ ആമുഖം വായിക്കുന്നു. അതെല്ലാം ഒരു പ്രതിരോധമാണ്. അങ്ങനെ വ്യത്യസ്ത തരത്തിലുള്ള പ്രതിരോധങ്ങളിലേക്ക് ജനങ്ങൾ കടന്നുവരുന്നുണ്ട്. ആ പ്രതിരോധം ഒരു പൊതുബോധമായിട്ട് മാറുകയാണെങ്കിൽ സ്വാഭാവികമായിട്ടും കോടതിക്ക് ഈ ഫാഷിസ്റ്റ് പൊതുബോധത്തെ മറികടക്കാൻ കഴിഞ്ഞേക്കും. ഈ പ്രതിരോധത്തിന്റെ കൂടി പശ്ചാത്തലത്തിലാണ് 'സമരം ചെയ്യുന്നവർ ദേശദ്രോഹികളല്ല, സമരം ചെയ്യുന്നവരോട് സംസാരിക്കണം' എന്നൊക്കെയുള്ള നിലപാടിലേക്ക് കോടതികൾ വന്നിട്ടുണ്ടാവുക എന്ന് ഞാൻ വിചാരിക്കുന്നു. **(അവസാനിച്ചില്ല)** ●

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com





# മനുഷ്യരേ, നാം ഒന്നാണ്

**സാമൂഹ്യജീവിയാണ് മനുഷ്യൻ. ഇതര ജീവവർഗങ്ങളിൽ നിന്ന് വിഭിന്നമായി മറ്റുള്ളവരുടെ നിലനിൽപ്പു കൂടി തന്റെ അതിജീവനത്തിന് ആധാരമാക്കേണ്ടവനാണ് അവൻ. സാമൂഹികമായ ഭിന്നിപ്പ് മനുഷ്യരുടെ സ്വൈര്യജീവിതത്തിന് നഷ്ടങ്ങളല്ലാതെ ഒന്നും വരുത്തിവെക്കുകയില്ല. കേവലം സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി മത–സാമുദായിക–രാഷ്ട്രീയ ഭിന്നിപ്പിന് ശ്രമിക്കുന്ന അധികാരികൾ ചെയ്യുന്നത് തുല്യതയില്ലാത്ത ദ്രോഹം തന്നെയാണ്.**

മനുഷ്യരൊന്നാണ്, ഐക്യത്തോടെ കഴിയേണ്ടവരാണ് എന്നത് മനുഷ്യത്വമുള്ളവരെല്ലാം അംഗീകരിക്കുന്ന കാര്യമാണ്. എന്നാൽ കാര്യം അങ്ങനെയല്ല, ചിലരുമായി ഐക്യപ്പെട്ടുകൂടാ, ചിലർ മാറ്റിനിർത്തപ്പെടേണ്ടതാണ് എന്നൊക്കെയുള്ള വിഭജനത്തിന്റെയും വേർതിരിവിന്റെയും ശബ്ദം നാട്ടിൽ ഉയർന്നുകേൾക്കുകയാണിപ്പോൾ. ഇത് രാജ്യത്തെയും ജനങ്ങളെയും സംരക്ഷിക്കാനും ഒന്നിച്ചു കൊണ്ടുപോകുവാനും ബാധ്യതയുള്ള ഭരണകൂടത്തിൽ നിന്നാണ് എന്ന വസ്തുതയാണ് നമ്മെ വേദനിപ്പിക്കുന്നതും വിസ്മയിപ്പിക്കുന്നതും.

ഈ വിഭജനചിന്തയുടെ അനന്തരഫലമെന്നോണം രാജ്യതലസ്ഥാനത്ത് തുല്യതയില്ലാത്ത വർഗീയാക്രമണങ്ങൾ നടന്നതിനും രാജ്യം സാക്ഷിയായി. ഡസൻ കണക്കിനാളുകൾ അതിൽ കൊല്ലപ്പെട്ടു. അനേകം പേർക്ക് ഗുരുതരമായ പരിക്കുപറ്റി. വെടിവെക്കുവാൻ കൃത്യമായി പരിശീലനം ലഭിച്ചവരുടെ വെടിയേറ്റാണ് പല മരണങ്ങളും നടന്നതും നൂറിലധികം പേർക്ക് പരിക്കുപറ്റിയതും എന്ന് വ്യക്തമായിക്കഴിഞ്ഞു. അനേകം വാഹനങ്ങളും വീടുകളും അഗ്നിക്കിരയാക്കപ്പെട്ടു. കടകൾ കൊള്ളയടിക്കപ്പെടുയും തകർക്കപ്പെടുകയും ചെയ്തു. ഫാക്ടറികളും സ്കൂളുകളും പോലും നശിപ്പിക്കപ്പെട്ടയുടെ ലിസ്റ്റിലുണ്ട്.

പൗരത്വഭേദഗതി നിയമം എന്ന ബില്ലിന്റെ മറവിലാണ് ഈ കലാപം അരങ്ങേറിയത്. ഏതൊരു പ്രശ്നമുണ്ടായാലും അതിലേക്ക് നയിച്ച കാരണമെന്താണ് എന്നതാണ് നാം പരിഗണിക്കേണ്ട വിഷയം. ഈ ബിൽ കൊണ്ടുവന്നവർ കരുതിയത് ഏതാനും മുസ്‌ലിംകൾ മാത്രം പ്രതിഷേധവുമായി വരുമെന്നാണ്. എന്നാൽ രാജ്യം കണ്ടത് ഇന്ത്യൻ ജനതയുടെ ഒന്നിച്ചുള്ള മുന്നേറ്റമാണ്. സഹന സമരമാണ്. അത് നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ പ്രകമ്പനം സൃഷ്ടിച്ചു. ഈ മനുഷ്യത്വവിരുദ്ധമായ നിയമം കൊണ്ടുവന്നവരെ ഏറെ ദുഃഖിപ്പിച്ചത് ഈ ഐക്യമാണ്. വമ്പിച്ച സമരങ്ങൾ നടക്കുമ്പോഴും ഒന്നും അക്രമാസക്തമാകുന്നില്ല എന്നതാണ് ഇവരെ വിറളിപിടിപ്പിച്ചത്. അക്രമാസക്തമായാൽ സമരത്തെയും സമരക്കാരെയും നിയമത്തിന്റെ ദണ്ഡുകാട്ടി അടിച്ചമർത്താം എന്ന് അവർ കണക്കുകൂട്ടി. ഷഹീൻബാഗിലെ സമരപോരാളികളിലേക്ക് തോക്കുമായി കടന്നുചെന്ന് ഭീഷണിപ്പെടുത്താനും സമരക്കാരെ പിന്തിരിപ്പിക്കാനും പ്രകോപിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടത്തി. എല്ലാ കുടിലതന്ത്രങ്ങളും വിഫലമാകുകയാണുണ്ടായത്.

ഈ സാഹചര്യത്തിലാണ് ദൽഹിയിൽ കലാപത്തിനു തീ കൊളുത്തിയത്. അത് സർക്കാരിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് നടന്നത് എന്ന കാര്യം പകൽപോലെ വ്യക്തമാണ്. പോലീസുകാർ അക്രമികൾ അഴിഞ്ഞാടുന്നത് നോക്കിനിന്നതും പലപ്പോഴും അക്രമികൾക്കൊപ്പം ചേർന്ന് അക്രമം നടത്തിയതും ഒത്താശകൾ ചെയ്തുകൊടുത്തതും അതിന്റെ അടയാളമാണ്. മൂന്ന് ദിവസം കലാപം നീണ്ടുനിന്നിട്ടും സർക്കാർ ഇടപെടാത്തതിന്റെ പേരിൽ ദൽഹി ഹൈക്കോടതിയും സുപ്രീം കോടതിയും സർക്കാറിനെ വിമർശിച്ചതും ശ്രദ്ധേയമാണ്. ഹൈക്കോടതി പോലീസുകാരോട് ചോദിച്ച ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ കഴിഞ്ഞില്ല. കലാപത്തിന് ആഹ്വാനം ചെയ്ത വ്യക്തിയെ എന്തുകൊണ്ട് നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നില്ല എന്ന ജഡ്ജിയുടെ ചോദ്യത്തിന് അങ്ങനെയൊരു പ്രസംഗം ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നായിരുന്നു മറുപടി. ആ പ്രസംഗം ഇന്ത്യയുടെ ഓരോ മുക്കുമൂലയിലും എത്തിക്കഴിഞ്ഞതിനു ശേഷമാണ് ഇതെന്നോർക്കണം. എന്നാൽ കോടതി അതിന്റെ വീഡിയോ പൊലീസുകാർക്ക് മുമ്പിൽ പ്രദർശിപ്പിച്ചുകൊണ്ട് അവരുടെ വായടപ്പിക്കുകയായിരുന്നു. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിൽ പൂർണമായ നിരാശ വേണ്ടെന്നും ഇതുപോലുള്ള രജതരേഖകൾ ആശ്വാസം പകരുന്നുവെന്നും ഇത് വിളിച്ചുപറയുന്നു. എന്നാൽ ആ ജഡ്ജിയെ രായ്ക്കുരാമാനം സ്ഥലംമാറ്റിയത് ഭരണകൂടത്തിൽ നിന്ന് നീതി ലഭിക്കുമെന്ന പ്രതീക്ഷയെ ഇല്ലാതാക്കുന്നതായിരുന്നു.

ജനങ്ങൾക്കിടയിൽ വിഭാഗീയത വളർന്നുകൊണ്ടിരിക്കുകയാണ്. ദൽഹിയിൽ കലാപം അരങ്ങേറുമ്പോഴാണ് ഉൽബുദ്ധമായ കേരളത്തിൽ പോലും ചിലർ വർഗീയ വിഷം ചീറ്റി സോഷ്യൽ മീഡിയയിലൂടെ രംഗത്തുവന്നത് എന്നത് നമ്മെ ഭയപ്പെടുത്തുന്നു. എന്നാൽ സർക്കാർ ഉണർന്നു പ്രവർത്തിക്കുകയും അത്തരം വിഷവിത്തുകളെ അറസ്റ്റു ചെയ്യുകയും ചെയ്തു എന്നത് ആശ്വാസകരമാണ്. ചാനൽ ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ചവർ പലരും ഈ കലാപത്തെ ന്യായീകരിച്ചതും എത്രത്തോളം ഈ വിഷം മലയാളികൾക്കിടയിൽ പടർന്നുകയറിയിട്ടുണ്ട് എന്നത് വ്യക്തമാക്കുന്നു.



### ഇസ്‌ലാമിന്റെ മാനവികത

ഇസ്‌ലാമും മുസ്‌ലിംകളും ഏറ്റവും കൂടുതൽ അപരവത്കരിക്കപ്പെടുകയും വിമർശിക്കപ്പെടുകയും തെറ്റുധരിപ്പിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇസ്‌ലാം മുന്നോട്ടുവെക്കുന്ന മാനവിക സന്ദേശമെന്തെന്ന് ലോകം അറിയേണ്ടതുണ്ട്.

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

ലോകത്ത് ഇന്നേവരെ കഴിഞ്ഞുപോയവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ സകല മനുഷ്യരുടെയും ആദിമാതാവും ആദിപിതാവും ഒന്നാണെന്ന ക്വുർആനിന്റെ ഈ പ്രഖ്യാപനം ലോകത്തിന് നൽകുന്നത് മഹത്തായ ഒരു സന്ദേശമാണ്. വർഗ, വർണ, ദേശ, ഭാഷകളുടെയും അധികാരത്തിന്റെയും സമ്പന്നതയുടെയും പേരിൽ മേനി നടിക്കാൻ ഒരാൾക്കും അധികാരമില്ലെന്നും അതൊന്നും ഒരു വ്യക്തിയുടെ മേന്മയുടെ അടയാളമല്ലെന്നും ഭയഭക്തിയോടുകൂടി നന്മകൾ ചെയ്ത് ജീവിക്കുന്നതാണ് ഒരു മനുഷ്യനെ ഉന്നതസ്ഥാനീയനാക്കുന്നത് എന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത് എന്നും ഈ ക്വുർആൻ സൂക്തം നമ്മെ പഠിപ്പിക്കുന്നു.

'അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ രൂപങ്ങളിലേക്കോ നോക്കുന്നില്ല; മറിച്ച് അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ്' എന്നും 'അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ ശ്രേഷ്ഠതയില്ല; ഭയഭക്തികൊണ്ടല്ലാതെ' എന്നുമുള്ള പ്രവാചക വചനങ്ങൾ ഇസ്‌ലാമിന്റെ മാനവികതയും സമഭാവനയും വ്യക്തമാക്കുന്നു.

### ശ്രേഷ്ഠതയുടെ അടയാളം

ആരാണ് നല്ലവൻ? ആരാണ് ശ്രേഷ്ഠൻ? ആരാണ് ഉന്നതൻ? സമ്പന്നനാണോ? അധികാരമുള്ളവനാണോ? തൊലിവെളുപ്പുള്ളവനാണോ? പ്രത്യേകമായ ഒരു രാജ്യത്ത് ജനിച്ചവനോ പ്രത്യേകമായ ഏതെങ്കിലും ഭാഷ സംസാരിക്കുന്നവനോ ആണോ? അങ്ങനെയൊക്കെയാണെന്ന് പറയുന്നവർ വർത്തമാനകാലത്ത് ഏറെയുണ്ട്. എന്നാൽ ഇത്തരം വിഭാഗീയതയുടെ ചിന്തകളെ ഇസ്‌ലാം തകർത്തുകളയുന്നു. ദൈവത്തെ ഭയപ്പെട്ടുകൊണ്ട് എല്ലാവിധ തെറ്റുകളും വർജിച്ചുകൊണ്ടും അവന്റെ കാരുണ്യത്തിലും പ്രതിഫലത്തിലും പ്രതീക്ഷയർപ്പിച്ചുകൊണ്ട് പരമാവധി നന്മകൾ ചെയ്തുകൊണ്ടും അവന്റെ കൽപനാനിർദേശങ്ങൾ അനുസരിച്ചുകൊണ്ടും ജീവിക്കുന്നവൻ ആരാണോ അവനാണ് ശ്രേഷ്ഠനായ മനുഷ്യൻ. അവനാണ് ഉത്തമൻ.

സൂക്ഷ്മതയോടെ(തക്വ്‌വയോടെ)യുള്ള ഈ ജീവിതം വ്യക്തി, കുടുംബ, സമൂഹ തലങ്ങളിലെല്ലാം സമാധാനം കൈവരുവാൻ കാരണമാകുമെന്നതിൽ സംശയമില്ല. ഇതിന്റെ അഭാവമാണ് വിദ്യാസമ്പന്നർ പോലും അധർമങ്ങളിലും അന്ധവിശ്വാസങ്ങളിലും മുഴുകി ജീവിക്കുവാൻ കാരണം. സാമ്പത്തിക നേട്ടങ്ങൾക്കു വേണ്ടി രോഗിയുടെ ജീവിതം കൊണ്ട് കളിക്കുന്ന ഡോക്ടർമാരും നിർമാണപ്രവർത്തനങ്ങളിൽ കൃത്രിമം കാണിച്ച് പണംകൊയ്യുന്ന എഞ്ചിനീയർമാരുമൊക്കെ തങ്ങളെ സദാസമയം നിരീക്ഷിക്കുന്ന സ്രഷ്ടാവിനെക്കുറിച്ച് ബോധമുള്ളവരാണെങ്കിൽ അത്തരം തെറ്റുകൾ ചെയ്യുകയില്ല.

ഇന്ന് മിക്ക സ്ഥാപനങ്ങളുടെ അകത്തും പുറത്തും സി.സി.ടി.വി ക്യാമറകളുണ്ട്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും ജോലിക്കാർ തങ്ങളുടെ ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനും ഇത് സഹായകമാണ്. താൻ നിരീക്ഷിക്കപ്പെടുന്നു, തന്റെ ചലനങ്ങൾ രേഖപ്പെടുത്തപ്പെടുന്നു എന്ന ബോധം മനുഷ്യനെ ജാഗ്രതയുള്ളവനും കർമനിരതനുമാക്കുമെന്നതിൽ സംശയമില്ല.

സി.സി.ടി.വി ക്യാമറക്കണ്ണുകൾക്ക് പരിധിയുണ്ട്. അതിനപ്പുറമുള്ളത് അതിന്റെ കാഴ്ചയിൽ പെടില്ല. എന്നാൽ ദൈവത്തിന്റെ അറിവിനും കേൾവിക്കും കാഴ്ചക്കും പരിമിതിയും പരിധിയുമില്ല.

"കണ്ണുകളുടെ കള്ളനോട്ടവും, ഹൃദയങ്ങൾ മറച്ച് വെക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു" (ക്വുർആൻ 40:19).

"(നബിയേ,) പറയുക: നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവനറിയുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു"(ക്വുർആൻ 3:29).

**മിക്ക നബിമാരും ജീവിച്ചിരുന്നത് ബഹുമത സമൂഹത്തിലും ബഹുദൈവാരാധകർക്കിടയിലുമായിരുന്നുവെന്ന് ചരിത്രം പഠിപ്പിക്കുന്നു. വിശ്വാസസംരക്ഷണാർഥം ഏതാനും പ്രവാചകാനുചരന്മാർ ആദ്യമായി പലായനം ചെയ്തത് ക്രിസ്ത്യൻ രാജ്യമായ അബ്സീനിയയിലേക്കായിരുന്നു. പ്രവാചകത്വം ലഭിച്ച ശേഷം 13 വർഷത്തോളം നബിﷺയും അനുയായികളും ജീവിച്ചത് ബഹുദൈവാരാധകർക്ക് ഭൂരിപക്ഷമുള്ള മക്കയിലായിരുന്നു. വിശ്വാസിയായിക്കൊണ്ട് ജീവിക്കാൻ പറ്റാത്ത സാഹചര്യം മാത്രമാണ് മദീനയിലേക്ക് പലായനം ചെയ്യാനുള്ള കാരണം. മദീന മുസ്‌ലിംകളും ജൂതന്മാരും ബഹുദൈവാരാധകരും ഉള്ള ഒരു നാടായി മാറി. മദീനയുടെ ഭരണം തന്റെ കൈകളിലായതിനാൽ അവിടെയുള്ള മറ്റുമതക്കാരുടെ പൗരത്വം ചോദ്യം ചെയ്യുവാനോ അവരെ ആട്ടിയോടിക്കുവാനോ അല്ല മഹാനായ പ്രവാചകൻ ശ്രമിച്ചത്. മദീനക്കാർക്കിടയിലെ ബന്ധം സുദൃഢമാകുവാനും അവരുടെ അവകാശങ്ങളും ബാധ്യതകളും വ്യക്തമാക്കിക്കൊടുക്കുവാനും ഒരു കരാർ തന്നെ അദ്ദേഹം തയ്യാറാക്കി.**

എല്ലാറ്റിന്റെയും സ്രഷ്ടാവ് അല്ലാഹുവാണ്. ഇങ്ങനെയുള്ള വേറെയൊരു ശക്തിയോ വ്യക്തിയോ പ്രപഞ്ചത്തിലോ പ്രപഞ്ചത്തിനപ്പുറത്തോ ഇല്ല. അതുകൊണ്ട് ആരാധനക്കർഹൻ അവൻ മാത്രമാണ്. അവനെ മാത്രം ആരാധിക്കുവാൻ ഇസ്‌ലാം മാവനവരാശിയോട് പറയുന്നു:

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:21,22).

ഈ സൂക്തത്തിലൂടെ സസൂക്ഷ്മം കണ്ണോടിക്കുക. ഭൂമിയെ ജീവിക്കുവാൻ പറ്റുന്ന രൂപത്തിൽ സംവിധാനിച്ച, വേണ്ടതെല്ലാം ഒരുക്കിത്തന്ന, സകല സൃഷ്ടിജാലങ്ങളെയും പടച്ച ദൈവത്തെ മാത്രം ആരാധിക്കുവാനാണ് ഇതിലൂടെ കൽപിക്കുന്നത്. ഹിന്ദുക്കളുടെ ദൈവത്തെ ആരാധിക്കൂ എന്നല്ല, മുസ്‌ലിംകളുടെ ദൈവത്തെ ആരാധിക്കൂ എന്നല്ല, ക്രിസ്ത്യാനികളുടെ ദൈവത്തെ ആരാധിക്കൂ എന്നല്ല കൽപന; ദൈവം ചമഞ്ഞ് നടക്കുന്നവരെയോ ജാറങ്ങളെയോ നബിമാരെയോ ഔലിയാക്കളെയോ ആരാധിക്കൂ എന്നല്ല; മറിച്ച് പ്രപഞ്ച സ്രഷ്ടാവിനെ മാത്രം ആരാധിക്കുവാനാണ്. സൂര്യനെയോ ചന്ദ്രനെയോ ആരാധിക്കുവാനല്ല അവയെ സൃഷ്ടിച്ചവനെ ആരാധിക്കുവാനാണ്. ഇതിൽ വർഗീയതയില്ല. വിഭാഗീയതയില്ല. വിയോജിക്കേണ്ട കാര്യമേയില്ല.

### സ്രഷ്ടാവും സൃഷ്ടികളും ഒന്നല്ല

പടപ്പുകളെ ആരാധിക്കുന്നവന് ജീവിതത്തിൽ സൂക്ഷ്മത പാലിക്കാൻ കഴിയില്ല. കാരണം പടപ്പുകൾ സർവജ്ഞരല്ല. സർവശക്തരുമല്ല. അതുകൊണ്ട് തന്നെ അദൃശ്യമായ നിലയിൽ, അവർ തങ്ങളെ നിരീക്ഷിക്കുമെന്ന ചിന്തയാൽ ആരും അവരെ ഭയപ്പെടില്ല. അവർ സ്വന്തം കാര്യങ്ങൾക്ക് പോലും അന്യരുടെ സഹായം ആവശ്യമുള്ളവരാണ്. സ്വദേഹങ്ങൾക്ക് വരുന്ന ആപത്ത് പോലും തടുക്കാൻ കഴിയാത്തവരാണ്. തങ്ങൾക്ക് ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് പോലും അവർ അജ്ഞരാണ്. അവർ മാനുഷികമായ എല്ലാ ദൗർബല്യങ്ങളും ഉള്ളവരാണ്.

എന്നാൽ സാക്ഷാൽ ദൈവം അങ്ങനെയല്ല: "അല്ലാഹു-അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അ

റിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (ക്വുർആൻ 2:255).

ദൈവമല്ലാത്തതെല്ലാം സൃഷ്ടികളാണ്. ജനിച്ചവരാണ്. മരണമുള്ളവരാണ്.

"(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമാ യിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും" (ക്വുർആൻ 112:1-4).

ഇങ്ങനെയുള്ള ഒരു ദൈവത്തെ മാത്രമെ ആരാധിക്കുവാൻ പാടുള്ളൂ എന്ന വിഷയത്തിൽ അഭിപ്രായാന്തരത്തിന് വകയില്ല. ഇത് മാനവസമൂഹം ഐക്യപ്പെടുവാനുള്ള മാർഗമാണ്. ഭിന്നതകൾ തുടച്ചുനീക്കുന്നതാണ്.

"(മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏകസമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ" (21:92).

മനുഷ്യർ ഏകസമുദായമായിരുന്നു. പിന്നീടവർ ഭിന്നിക്കുകയാണുണ്ടായത്:

"മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹുപ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല...." (2:213).

### മതം അടിച്ചേൽപിക്കേണ്ടതല്ല

ഇസ്‌ലാമികാദർശം ആരിലും അടിച്ചേൽപിക്കുവാനോ പ്രലോഭനം നൽകിയോ ഭീഷണിപ്പെടുത്തിയോ സ്വീകരിപ്പിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല. അതിൽനിന്ന് വിലക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്. വിശ്വാസത്തിന്റെ ഉറവിടം മനസ്സാണ്. നിർബന്ധിച്ച് ഒരാളെയും വിശ്വാസിയാക്കാൻ സാധ്യമല്ല. അവർക്ക് സന്ദേശം എത്തിച്ചുകൊടുക്കുക എന്ന ബാധ്യത മാത്രമെ മുസ്‌ലിംകൾക്കുള്ളൂ. പ്രലോഭനമോ ഭീഷണിയോ കൊണ്ട് ആരെങ്കിലും വിശ്വാസം സ്വീകരിച്ചാൽ അത് കേവലം അഭിനയമായിരിക്കും. ജീവിതത്തിൽ ഇസ്‌ലാമിക മൂല്യങ്ങൾ പിൻപറ്റുവാൻ അവർക്ക് സാധിക്കില്ല.

വിശ്വാസ സ്വാതന്ത്ര്യം ഇസ്‌ലാം അനുവദിക്കുന്നു: "നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും" (109:6).

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 2:256).

### ഇതരമതസ്ഥരോടുള്ള സമീപനം

മനുഷ്യർക്ക് ഈ ക്ഷണികമായ ഭൗതികലോക ജീവിതം ഒരു പരീക്ഷണ വേളയാണ്. സ്രഷ്ടാവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിതം ക്രമപ്പെടുത്തിയവർ ഈ പരീക്ഷണത്തിൽ വിജയിക്കും.

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (6:2).

ഇസ്‌ലാമിക മര്യാദയനുസരിച്ച് ജീവിക്കുന്നവൻ പൂർണാർഥത്തിൽ മനുഷ്യനായിരിക്കും. മാനുഷികമായ മൂല്യങ്ങളെല്ലാം അവനിൽ പ്രകടമാകും. അവൻ സൽസ്വഭാവങ്ങളുടെ വിളനിലമായിരിക്കും. ദുസ്സ്വഭാവങ്ങൾ അവൻ വെടിയും. എല്ലാ മനുഷ്യരെയും ഇതര ജീവജാലങ്ങളെയും സ്നേഹിക്കുവാനും എല്ലാറ്റിനോടും കരുണകാണിക്കുവാനും അവർ സന്നദ്ധനായിരിക്കും. മാനുഷികമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഒരു സത്യവിശ്വാസി മത, വർഗ, വർണ ഭേദം പരിഗണിക്കില്ല.

അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവർ സത്യവിശ്വാസിയല്ല എ

ന്ന പ്രവാചക വചനം ഏറെ പ്രസിദ്ധമാണ്. അയൽവാസിയുടെ ജാതിയും മതവും നിറവും നോക്കാൻ അവിടെ പറഞ്ഞിട്ടില്ല. ഇങ്ങോട്ട് നന്മയിൽ വർത്തിക്കുന്നവരോട് ഏത് മതക്കാരായാലും എന്ത് നിലപാട് സ്വീകരിക്കണമെന്ന് ക്വുർആൻ നിർദേശിക്കുന്നത് കാണുക:

"മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

അതെ! വിശ്വാസി പുണ്യം ചെയ്യുന്നവനായിരിക്കും! സ്വന്തം മാതാപിതാക്കൾ മുസ്‌ലിംകൾ അല്ലെങ്കിലും അവരെ അനുസരിക്കണം; വിശ്വാസകാര്യത്തിലൊഴികെ എന്നാണ് ഇസ്‌ലാമിന്റെ കൽപന.

"നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെമേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്" (ക്വുർആൻ 31:15).

എങ്ങനെ ഒരു മുസ്‌ലിമിന് മറ്റുമതക്കാരോട് അസഹിഷ്ണുത കാട്ടാൻ കഴിയും? എങ്ങനെ അവരെ വേദനിപ്പിക്കാൻ കഴിയും? എങ്ങനെ അവന് വർഗീയവാദിയും തീവ്രവാദിയുമാകാൻ കഴിയും?

### ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ

മിക്ക നബിമാരും ജീവിച്ചിരുന്നത് ബഹുമത സമൂഹത്തിലും ബഹുദൈവാരാധകർക്കിടയിലുമായിരുന്നുവെന്ന് ചരിത്രം പഠിപ്പിക്കുന്നു. വിശ്വാസസംരക്ഷണാർഥം ഏതാനും പ്രവാചകാനുചരന്മാർ ആദ്യമായി പലായനം ചെയ്തത് ക്രിസ്ത്യൻ രാജ്യമായ അബ്സീനിയയിലേക്കായിരുന്നു. പ്രവാചകത്വം ലഭിച്ച ശേഷം 13 വർഷത്തോളം നബിﷺയും അനുയായികളും ജീവിച്ചത് ബഹുദൈവാരാധകർക്ക് ഭൂരിപക്ഷമുള്ള മക്കയിലായിരുന്നു. വിശ്വാസിയായിക്കൊണ്ട് ജീവിക്കാൻ പറ്റാത്ത സാഹചര്യം മാത്രമാണ് മദീനയിലേക്ക് പലായനം ചെയ്യാനുള്ള കാരണം.

മദീന മുസ്‌ലിംകളും ജൂതന്മാരും ബഹുദൈവാരാധകരും ഉള്ള ഒരു നാടായി മാറി. മദീനയുടെ ഭരണം തന്റെ കൈകളിലായതിനാൽ അവിടെയുള്ള മറ്റുമതക്കാരുടെ പൗരത്വം ചോദ്യം ചെയ്യുവാനോ അവരെ ആട്ടിയോടിക്കുവാനോ അല്ല മഹാനായ പ്രവാചകൻ ശ്രമിച്ചത്. മദീനക്കാർക്കിടയിലെ ബന്ധം സുദൃഢമാകുവാനും അവരുടെ അവകാശങ്ങളും ബാധ്യതകളും വ്യക്തമാക്കിക്കൊടുക്കുവാനും ഒരു കരാർ തന്നെ അദ്ദേഹം തയ്യാറാക്കി. മുസ്‌ലിംകളും മുസ്‌ലിംകളും തമ്മിലുള്ള ബന്ധവും മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള ബന്ധവും വ്യവസ്ഥപ്പെടുത്തി പറയുന്ന രേഖയായിരുന്നു അത്.

മദീനക്കാരോട് മൊത്തമായി ഇങ്ങനെ ഇങ്ങനെ ഉടമ്പടി ചെയ്തു: "അയൽവാസികൾ സ്വന്തം ശരീരം പോലെയാണ്. അവരെ ദ്രോഹിക്കുവാനോ കുറ്റങ്ങൾ ചെയ്യുവാനോ പാടില്ല. ഒരാളുടെയും പവിത്രതക്ക് കളങ്കം വരുത്തുന്ന ഒന്നും ചെയ്യാൻ പാടില്ല. മദീനക്കാർക്ക് ഇടയിലുണ്ടാകുന്ന പ്രശ്നങ്ങളിലും തർക്കങ്ങളിലും അതിന്റെ അന്തിമ തീരുമാനം പറയേണ്ടത് അല്ലാഹുവും അവന്റെ പ്രവാചകനുമാണ്. മദീനയെ വല്ലവരും അക്രമിക്കുന്നുവെങ്കിൽ മദീനക്കാർ പരസ്പരം സഹായിക്കേണ്ടതാണ്. മദീനയിൽ നിന്ന് പുറത്തു പോകുന്നവനും മദീനയിൽ ഇരിക്കുന്നവനും നിർഭയനായിരിക്കും. അക്രമം ചെയ്തവനും കുറ്റകൃത്യങ്ങൾ ചെയ്തവനും ഒഴികെ. തക്‌വ (സൂക്ഷ്മത) കാണിക്കുകയും പുണ്യം ചെയ്യുകയും ചെയ്തവർക്കുള്ള അഭയം നൽകുന്നത് അല്ലാഹുവാണ്, അവന്റെ പ്രവാചകനാണ്."

### ചേർന്നുനിൽക്കുക

ഇന്ത്യക്കൊരു പ്രശ്നം വന്നാൽ നമ്മൾ ഒറ്റക്കെട്ടായി നിലകൊള്ളണം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പ്രയത്നിച്ചവരിലും അതിനായി ജീവൻ ബലിയർപ്പിച്ചവരിലും എല്ലാ മതക്കാരും മതമില്ലാത്തവരുമുണ്ട്. ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യവും ജനാധിപത്യവും ഇവിടെ നിലനിൽക്കണം. മതം നോക്കി ചിലർക്ക് പൗരത്വം നൽകുകയും ചിലർക്കു നൽകാതിരിക്കുകയും ചെയ്യുക എന്നത് ഭരണഘടനാവിരുദ്ധമാണ്. ജനങ്ങളിൽ വേർതിരിവുണ്ടാക്കലാണ്. ഗൂഢമായ താൽപര്യങ്ങൾ നടപ്പിലാക്കാനുള്ള ശ്രമമാണ്. അതിനെ ഒറ്റക്കെട്ടായി ഇന്ത്യൻ ജനത നേരിടണം. ചെറുത്തു തോൽപിക്കണം. ●

മജീദ് ബസ്താക്ക്, കണ്ണൂർ
mail@nerpatham.com

ലേഖനം



# ദാമ്പത്യജീവിതം: വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്

ദാമ്പത്യജീവിതം സന്തോഷം പകരുന്നതാകണം. സമാധാനം നിറഞ്ഞതാക്കണം. അതാണ് എല്ലാവരുടെയും ആഗ്രഹം. അത് അസംഭവ്യമൊന്നുമല്ല. എന്നാൽ അത്ര എളുപ്പവുമല്ല. വിവാഹജീവിതം വിജയകരമാകണമെങ്കിൽ ഇണകളുടെ യോജിച്ച ശ്രമങ്ങൾ ആവശ്യമാണ്. നാം എന്തിനുവേണ്ടിയാണോ പരിശ്രമിക്കുന്നത് അതാണ് നമുക്ക് ലഭിക്കുക, അല്ലാഹു ഉദ്ദേശിച്ചാൽ.

നമ്മുടെ വികാരവിചാരങ്ങളും വാക്കുകളും പ്രവൃത്തികളുമെല്ലാം തന്നെ ദാമ്പത്യത്തെ ഊഷ്മളമാക്കുകയോ വഷളാക്കുകയോ ചെയ്തെന്നുവരാം. മധുരതരമോ കയ്പ്പുറ്റതോ ആക്കിത്തീർത്തേക്കാം. നാം തന്നെയാണ് നമ്മുടെ ദാമ്പത്യത്തെ ആസ്വാദ്യകരവും സംതൃപ്തവും ആക്കിത്തീർക്കേണ്ടതെന്ന് മനസ്സിലാക്കുക.

കുടുംബ ജീവിതത്തിൽ ആത്മാർഥത കാണിക്കുക, അതിനായി അത്യധ്വാനം ചെയ്യുക, അതിന് നാം നേടിയിട്ടുള്ള ആത്മീയ-ഭൗതികവിജ്ഞാനങ്ങളെ ഉപയോഗപ്പെടുത്തുക, സർവോപരി അല്ലാഹുവോട് പ്രാർഥിച്ചുകൊണ്ടിരിക്കുക... ഇതൊക്കെ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. ദാമ്പത്യജീവിതം വിജയകരമായിത്തീരാൻ പ്രവാചക ജീവിതം പഠിച്ച് നാം മാതൃകയാക്കേണ്ടതുണ്ട്.

**പരസ്പര ബന്ധം**

ദമ്പതികൾക്കിടയിലുള്ള ബന്ധം കേവലം സൗന്ദര്യമോ ശാരീരികാകർഷണമോ പ്രേമമോ മൂലം ഉണ്ടായാൽ പോരാ; അതിന് അല്ലാഹുവുമായുള്ള ബന്ധംകൊണ്ടുള്ള അടിത്തറ പാകേണ്ടതുണ്ട്. നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു നിർദേശിച്ച ഉദാത്ത സ്വഭാവഗുണങ്ങൾ സ്വായത്തമാക്കി ചപലസ്വഭാവങ്ങളെയും ബാലിശവാദങ്ങളെയും സ്വാർഥതയെയും നേരിടണം.

ഏകദൈവ വിശ്വാസമാണ് നമ്മുടെ ദാമ്പത്യത്തിന് ഊടുംപാവും നൽകേണ്ടതെന്ന് നാം തിരിച്ചറിയണം. അല്ലാഹുവിലുള്ള വിശ്വാസവും ഭരമേൽപിക്കലും നമ്മുടെ ദാമ്പത്യത്തിന് ആത്മീയമായ കരുത്തേകുന്നു. അതിലൂടെ ജീവിത പ്രയാസങ്ങളെ സധൈര്യം അഭിമുഖീകരിക്കാൻ സാധിക്കും.

ഇണകളെയും സന്താനങ്ങളെയും സൽസ്വഭാവം കൊണ്ടും മതബോധംകൊണ്ടും കൺകുളിർമ നൽകുന്നവരാക്കി മാറ്റുവാൻ നാം സ്രഷ്ടാവിനോട് പ്രാർഥിക്കണം.

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:74).

**ചങ്ങാത്തം**

ദമ്പതികൾക്കിടയിലുള്ള ചങ്ങാത്തം വെറുതെയങ്ങ് സംഭവിക്കുന്നതല്ല. ദൈനംദിന ജീവിതത്തിലെ പ്രവൃത്തികളിൽ സാധ്യമാകുന്നത്ര അന്യോന്യം സഹായിച്ചും സുഖദുഃഖങ്ങൾ പരസ്പരം പങ്കിട്ടും മറ്റുമാണ് അത് നേടാനാവുക.

പ്രവാചകജീവിതത്തിൽ തന്റെ ഭാര്യമാരെ അദ്ദേഹം സഹായിച്ചിരുന്നതിന്റെ ഒട്ടേറെ തെളിവുകൾ കാണുവാൻ സാധിക്കും.

പ്രവാചകപത്നി ആഇശ(റ)യോട് ആരോ ചോദിച്ചു: "വീട്ടിലായിരിക്കെ പ്രവാചകൻ(ﷺ) എന്താണ് ചെയ്യാറുള്ളത്?" ആഇശ(റ) അതിന് ഉത്തരമേകി: "വീട്ടുപണികളിൽ അദ്ദേഹം ഞങ്ങളെ സഹായിക്കും"(ബുഖാരി).

ഗാർഹികാന്തരീക്ഷത്തിലെ ചെറുതും വലുതുമായ സംഗതികളിൽ സഹകരിച്ചും സഹായിച്ചും പ്രവർത്തിക്കുന്നത് ദമ്പതികൾ തമ്മിലുള്ള പരസ്പരവിശ്വാസത്തെയും സ്നേഹത്തെയും ഊട്ടിയുറപ്പിക്കും. ജീവിതപങ്കാളിയോട് സഹാനുഭൂതി കാട്ടുന്നത് സൗഹൃദവും ചങ്ങാത്തവും തളിർക്കാൻ സഹായിക്കും.

ഒരാൾ ഭരിക്കാനും മറ്റെയാൾ ഭരിക്കപ്പെടാനും മാത്രമുള്ളതാണെന്ന ധാരണ വെച്ചുപുലർത്തുന്നത് ദാമ്പത്യത്തെ തകർത്തുകളയും. എന്നാൽ പുരുഷൻ എന്ന നിലയിൽ ഭർത്താവിന് അല്ലാഹു നൽകിയിരിക്കുന്ന പ്രത്യേകാവകാശങ്ങൾ ഭാര്യ വകവെച്ചു കൊടുക്കേണ്ടതുണ്ട്. ഒരു സ്ത്രീ എന്ന നിലയിൽ അവളുടെ മാനസികവും ശാരീരികവുമായ അവസ്ഥാവിശേഷങ്ങൾക്ക് അനുസൃതമായ നിലയിൽ ഭർത്താവിൽനിന്ന് ലഭിക്കേണ്ട അവകാശങ്ങളും പരിഗണനയും ഭാര്യക്ക് ലഭിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ മനസ്സിലാക്കാതെയുള്ള ജീവിതം അസ്വസ്ഥതകൾ നിറഞ്ഞതാകുമെന്നതിൽ സംശയമില്ല.

**സഹാനുഭൂതി**

ദയാവായ്പോടെയും സ്നേഹപരിലാളനകളോടെയും ഇടപെടുന്നതാണ് സഹാനുഭൂതി. ദാമ്പത്യത്തിലെ യഥാർഥ സന്തോഷത്തിന്റെ ആണിക്കല്ലാണിത്.

മുഹമ്മദ് നബി(ﷺ) സഹാനുഭൂതിയോടെ പെരുമാറിയിരുന്ന വ്യക്തിയായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഭാര്യമാരും അനുചരൻമാരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തെക്കാൾ സഹാനുഭൂതി പ്രകടിപ്പിച്ച മറ്റൊരു വ്യക്തിത്വത്തെയും അവർക്ക് പരിചയമില്ല.

**വിട്ടുവീഴ്ച**

ദാമ്പത്യത്തിൽ സന്തോഷം വിലനിർത്തുന്നതിന് സഹായിക്കുന്ന വളരെ പ്രധാനപ്പെട്ട സ്വഭാവസവിശേഷതയാണ് വിട്ടുവീഴ്ച എന്നത്. തന്റെ ദൗർബല്യവും ജീവിതപങ്കാളിയുടെ ശക്തിയും മനസ്സിലാക്കുന്ന ഉന്നതമായ ആത്മീയാവബോധമുള്ള ഒരു വ്യക്തിക്കേ അത്തരം സ്വഭാവം ആർജിക്കാൻ കഴിയുകയുള്ളൂ. നബി(ﷺ)ക്ക് തന്റെ അനുയായികളെ ഒന്നിച്ചുകൊണ്ടുപോകാനും സ്വപത്നിമാരെ തമ്മിൽ രഞ്ജിപ്പിലാക്കി ദാമ്പത്യം വിജയിപ്പിക്കാനും കഴിഞ്ഞത് ഇതുമൂലമാണ്.

തന്റെ ഇണയുടെ സ്ഥാനത്ത് നിന്നുകൊണ്ട് സ്വന്തം നിലപാടിനെയും വീഴ്ചയെയും പരിശോധിക്കാൻ തയ്യാറാകണം. പലപ്പോഴും ഭാര്യയും ഭർത്താവും താൻപിടിച്ച മുയലിന് മൂന്നുകൊമ്പ് എന്ന പിടിവാശിയിൽ ഉറച്ചുനിൽക്കും. അത് ദാമ്പത്യത്തിന് വലിയ പരിക്കേൽപിക്കും. ആത്മപരിശോധന തെറ്റുകൾ തിരുത്തുവാനും വിട്ടുവീഴ്ചയുടെ മാർഗം അവലംബിക്കുവാനും സഹായിക്കുമെന്നതിൽ സംശയമില്ല.

**ആത്മസംതൃപ്തി**

സന്തുഷ്ടദാമ്പത്യത്തിന് വളരെയേറെ അത്യാവശ്യമായ ഒന്നാണ് ആത്മസംതൃപ്തി. മനസ്സിന്റെ ഐശ്വര്യാവസ്ഥയാണ് ഏറ്റവും വലിയ അനുഗ്രഹമെന്ന് പ്രവാചകൻ(ﷺ) പറഞ്ഞിട്ടുണ്ട്. ദാമ്പത്യത്തിൽ സന്തോഷം ലഭിക്കണമെങ്കിൽ ഉള്ളതിൽ സംതൃപ്തിയടയുന്ന മനസ്സ് അനിവാര്യമാണ്. അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞ് അവന്റെ വിധിയിൽ തൃപ്തനാകുന്ന ഒരാൾക്ക് കൈവരുന്ന സ്വഭാവവിശേഷമാണ് സംതൃപ്താവസ്ഥ.

ഭർത്താവിന്റെ വരുമാനം ഭാര്യ കണ്ടറിയണം. ഭാര്യയുടെ ന്യായമായ ആവശ്യങ്ങൾ തന്റെ കഴിവിനനുസരിച്ച് ഭർത്താവ് നിർവഹിച്ചു കൊടുക്കുകയും വേണം.

ആരോഗ്യകരമായ ലൈംഗികത ദാമ്പത്യത്തിന്റെ അനിവാര്യ ഘടകമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇക്കാര്യത്തിൽ ഇണകൾ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. സംശയരോഗം ബന്ധങ്ങളെ തകർത്തുകളയും. ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും വർത്തമാന കാലത്ത് ഏറെ ശ്രദ്ധയോടെ, സൂക്ഷ്മതാബോധത്തോടെ ജീവിതം നയിക്കുവാൻ ബോധപൂർവം ശ്രമിച്ചേ തീരൂ. ●

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# ജനങ്ങളെ കേൾക്കാത്ത ഭരണാധികാരികൾ

ഈയിടെ സാമൂഹ്യമാധ്യമങ്ങളിൽ ചർച്ചയായ ഒരു കൊച്ചുപെൺകുട്ടിയുണ്ട്; ലിസിപ്രിയ എന്ന എട്ടുവയസ്സുകാരി. ഇന്ത്യയിലെ ഏറ്റവും പ്രായംകുറഞ്ഞ കാലാവസ്ഥ പ്രവർത്തകയാണ് മണിപ്പൂർ സ്വദേശിനിയായ ലിസിപ്രിയ. മാർച്ച് എട്ട്, വനിതാദിനത്തിന് തന്റെ സോഷ്യൽ മീഡിയാ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് കരുത്തുറ്റ ഏതെങ്കിലും സ്ത്രീകളായിരിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. സ്ത്രീ സമൂഹത്തിന് നൽകുന്ന അംഗീകാരം എന്ന നിലയിലാണത്രെ അദ്ദേഹം ഇങ്ങയെയൊരു പ്രഖ്യാപനം നടത്തിയത്.

അതിനു പിന്നാലെ പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് നൽകിയ അംഗീകാരം നിരസിച്ചിരിക്കുകയാണ് കാലാവസ്ഥ പ്രവർത്തകയായ ലിസിപ്രിയ കംഗുജം. ലിസിപ്രിയ തങ്ങൾക്ക് പ്രചോദനമായ സ്ത്രീകളിൽ ഒരാളാണ് എന്ന് My Gov India ട്വീറ്റ് ചെയ്തിരുന്നു. 2019ൽ അവൾ 'ഡോ. എ.പി.ജെ അബ്ദുൽ കലാം ചിൽഡ്രൻ അവാർഡി'ന് അർഹയായിരുന്നു. കൂടാതെ ലോക ശിശുസമാധാന സമ്മാനം, ഇന്ത്യാ സമാധാന സമ്മാനം എന്നിവയ്ക്കും അർഹയായിട്ടുണ്ട്.

'അവൾ പ്രചോദനമാണെന്ന് നിങ്ങൾ കരുതുന്നില്ലേ? അവളെപ്പോലെ ആരെയെങ്കിലും നിങ്ങൾക്ക റിയാമോ? ഞങ്ങളെ അറിയിക്കൂ. ഹാഷ് ടാഗ് #SheInspiresUs' എന്നായിരുന്നു ട്വീറ്റ്. പക്ഷേ, ലിസിപ്രിയ ആ അംഗീകാരം നിരസിക്കാൻ തീരുമാനിച്ചു. അതിനു കാരണമായി പറഞ്ഞത് പ്രധാനമന്ത്രി തനിക്ക് പറയാനുള്ളതിന് ശ്രദ്ധനൽകുന്നില്ല എന്നതായിരുന്നു. ട്വീറ്റിന് മറുപടിയായി ലിസിപ്രിയ ഇങ്ങനെ കുറിച്ചു: 'പ്രിയപ്പെട്ട മോദി ജീ, നിങ്ങൾ എന്റെ ശബ്ദം കേൾക്കുന്നില്ലെങ്കിൽ നിങ്ങളെന്നെ ആഘോഷിക്കുകയും ചെയ്യരുത്. #SheInspiresUsന്റെ ഭാഗമായി രാജ്യത്തെ പ്രചോദനമായി മാറിയ സ്ത്രീകളുടെ കൂട്ടത്തിൽ എന്നെക്കൂടി തെരഞ്ഞെടുത്തതിൽ എനിക്ക് സന്തോഷമുണ്ട്. പലതവണ ചിന്തിച്ചതിനുശേഷം ഞാൻ ഈ ആദരം നിരസിക്കുകയാണ്.'

മറ്റൊരു ട്വീറ്റിൽ, 'സർക്കാർ എനിക്ക് പറയാനുള്ളത് കേൾക്കുന്നില്ല. ഇന്ന് അവരെന്നെ രാജ്യത്തെ പ്രചോദനമാകുന്ന സ്ത്രീകളിൽ ഒരാളായി കണക്കാക്കിയിരിക്കുന്നു. അത് ശരിയാണോ?' എന്നും ലിസിപ്രിയ ചോദിച്ചു. സോഷ്യൽമീഡിയയിൽ നിരവധിപേർ ലിസിപ്രിയയെ പിന്തുണച്ചുകൊണ്ട് മുന്നോട്ട് വന്നു. സമകാലിക സാമൂഹിക സാഹചര്യത്തിൽ ഈ നിലപാടിന് ഏറെ പ്രസക്തിയുണ്ട്.

രാജ്യത്തെ പ്രധാനമന്ത്രി നൽകിയ വലിയ ഒരു അംഗീകാരമാണ് ആ കൊച്ചുമിടുക്കി നിരസിച്ചത്. അതിനവളെ പ്രേരിപ്പിച്ചത് ഭരണീയരെ കേൾക്കാൻ തയ്യാറാവാത്ത ഭരണാധികാരിയാണ് പ്രധാനമന്ത്രി എന്നതായിരുന്നു. ഏതൊരു മനുഷ്യനും ആഗ്രഹിക്കുന്ന കാര്യമാണ് തന്നെ മറ്റുള്ളവർ കേൾക്കണം എന്നുള്ളത്. ഒരാളുടെ സുഖദുഃഖങ്ങൾ പങ്കുവെക്കാനും ആശയങ്ങൾ കൈമാറാനും മറ്റുള്ളവർ അയാളെ കേൾക്കണം. കുടുംബനാഥൻ മുതൽ ഭരണാധികാരികൾ വരെ ഈ കേൾവിയിൽ നിന്നും ഒളിച്ചോടുന്നത് അനീതിയാണ്.

ഇന്ത്യയെന്ന ജനാധിപത്യരാജ്യത്ത് പ്രത്യേകിച്ചും ഭരണാധികാരികൾ ജനങ്ങളെ കേൾക്കാതിരിക്കുന്നത് വലിയ അപരാധമാണ്. ഏതാനും വർഷങ്ങളായി മോദി ഭരണകൂടം ഈ നിലപാടാണ് സ്വീകരിച്ചു വരുന്നത്. അതുകൊണ്ട് തന്നെ ഇത്തരം പ്രതിഷേധങ്ങളും രാജ്യത്ത് പലഘട്ടങ്ങളിലായി നടന്നു. ഭരണകൂടം വെച്ചുനീട്ടിയ പരമോന്നത ബഹുമതികൾ മുതൽ ഭരണകൂടത്തിന്റെ ഭാഗമായവരിൽ നിന്ന് ബിരുദം പോലും സ്വീകരിക്കുകയില്ലെന്ന ധീരമായ നിലപാട് സ്വീകരിച്ച പലരും ഇന്നലകളിൽ വാർത്തകളിൽ ഇടം പിടിച്ചിട്ടുണ്ട്. ഭരണകൂടത്തിന്റെ തെറ്റായ നിലപാടുകളിൽ പ്രതിഷേധിച്ച് ഉന്നത സർക്കാർ ഉദ്യോഗം രാജിവെച്ചവർ വേറെയും. ഇന്നും അത് തുടരുന്നു. നാളെയും അങ്ങനെയുണ്ടാവും.

രാജ്യത്തിന്റെ ഭരണഘടനയും പൈതൃകവും തുല്യനീതിയും സമാധാനവും സഹവർത്തിത്വവും സമത്വവുമടക്കം മുഴുവൻ മൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ട സാഹചര്യങ്ങളിൽ അതിന്റെ ബാധ്യതയുള്ളവർ കുറ്റകരമായ മൗനം പാലിക്കുന്നത് നീതീകരിക്കാവതല്ല. അധികാരസ്ഥാനങ്ങളിലേക്ക് കടന്നുകയറാനുള്ള കേവലം ചവിട്ടുപടികൾ മാത്രമായി രാജ്യത്തെ ജനതയെ കാണുകയും അധികാരം കൈകളിൽ ഭദ്രമായാൽ അവരെ മറക്കുകയും ചെയ്യുന്നത് നല്ല ഭരണാധികാരികൾക്ക് ചേർന്നതല്ല. തെരഞ്ഞെടുപ്പ് സമയത്ത് കാണിക്കുന്ന കോപ്രായങ്ങളും കപടനാടകങ്ങളും അധികാരം നിലനിർത്താനുള്ള പൊടിക്കൈകൾ മാത്രമാണെന്ന് ജനം തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിരപരാധികൾ ആൾക്കൂട്ട കൊലപാതകങ്ങൾക്ക് ഇരയാകുമ്പോഴും അധികാരത്തിന്റെ ഉന്നതങ്ങളിൽ വിരാജിക്കുന്നവർ പോലും പിഞ്ചുബാലികയെയും അല്ലാത്തവരെയും ക്രൂരമായി ബലാൽക്കാരം ചെയ്യുമ്പോഴും അതിന് കൂട്ടുനിൽക്കുമ്പോഴും, വർഗീയതയുടെ അന്ധതയിൽ മനുഷ്യനെ ചുട്ടുകൊല്ലുമ്പോഴും ഉയരുന്ന നിലവിളികൾ കേൾക്കാതിരിക്കാൻ എങ്ങനെ ഒരു ഭരണകൂടത്തിന് സാധിക്കുന്നു എന്നത് അത്ഭുതകരമാണ്. വിഷലിപ്തമായ പ്രസ്താവനകൾ നടത്തി ഒരു നാടിനെ മുഴുവൻ സംഘർഷത്തിലേക്ക് തള്ളിവിട്ടവർക്ക് പോലീസ് സംരക്ഷണവും നീതിതേടിയവർക്ക് ശിക്ഷയും വിധിക്കുന്നവർ എങ്ങനെ രാജ്യത്തെ സംരക്ഷിക്കുന്ന ഭരണകൂടമാവും? പീഡിതർക്ക് ചെവികൊടുക്കാത്തവരെ എങ്ങനെ ജനങ്ങൾ അവരുടെ പ്രതിനിധികളായി ഭരണാധികാരികളെ കണക്കാക്കും?

രാജ്യ തലസ്ഥാനമായ ഡൽഹിയിൽ സംഘ്പരിവാർ ആസൂത്രിതമായ വംശീയ ഉൻമൂലനം നടത്തുമ്പോൾ രാജ്യം ഭരിക്കുന്നവർ കുറ്റകരമായ മൗനം പാലിക്കുകയായിരുന്നു. കലാപകാരികൾക്ക് ഒത്താശ ചെയ്യുകയായിരുന്നു നിയമപാലകർ. സ്വന്തം മൂക്കിനുതാഴെ മനുഷ്യജീവനുകൾ ചുട്ടെരിക്കപ്പെടുമ്പോൾ ജീവനുവേണ്ടി യാചിച്ചവരുടെ രോദനങ്ങൾ കേൾക്കാതിരിക്കുന്ന ഭരണാധികാരികൾ തരുന്ന ഏതൊരു അംഗീകാരവും നിരസിക്കുക തന്നെ വേണം. മറിച്ചാണെങ്കിൽ അത് അവർക്ക് നൽകുന്ന ധാർമിക പിന്തുണയായി അവർ കാണുകയും ഈ നിലപാടുകൾ തുടരുകയും ചെയ്യും. ഭരണകൂടത്തെ തിരുത്താൻ കഴിയാവുന്നത്ര മാഗങ്ങൾ സ്വീകരിക്കുകതന്നെ വേണം. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഈ നിലപാട് എടുക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. സ്വാർഥതാൽപര്യങ്ങൾക്കും വ്യക്തിഗത നേട്ടങ്ങൾക്കും അപ്പുറം താൻ ജീവിക്കുന്ന നാടിനും സമൂഹത്തിനും വേണ്ടി ചെറുതും വലുതുമായ ഇടപെടലുകൾ നടത്തുക എന്നത് ഏതൊരാളുടെയും ബാധ്യതയാണ്. രാജ്യത്തെ കേൾക്കാത്ത ഭരണാധികാരികളോട് പുറംതിരിഞ്ഞു നിൽക്കൽ ധീരമമായ നിലപാട് തന്നെയാണ്.

വിമർശനം

**അബ്ദുൽ മാലിക് സലഫി**
malikmorayur114@gmail.com




# മതനിഷേധത്തിന് മഹാമാരിയെ മറയാക്കുകയോ?

**എ**ട്ടുകാലി മമ്മൂഞ്ഞ് എന്ന ബഷീറിന്റെ കഥാപാത്രത്തെ ഇടയ്ക്കിടെ ഓർമിക്കാൻ നാസ്തികന്മാർ അവസരമുണ്ടാക്കാറുണ്ട്. ലോകത്ത് എന്തുണ്ടായാലും അതിനൊക്കെ കാരണം മതമാണ് എന്നതായിരിക്കും അവരുടെ ഗവേഷണം. ഇനി മാനവികതയ്ക്കു തന്നെ വല്ല പ്രതിസന്ധിയും വന്നാൽ മതം പൊളിഞ്ഞേ എന്നു പറഞ്ഞ് ഒരുമാതിരി കിറുക്കൻ കളിയും ഇവർ കളിക്കും. കൊറോണ വൈറസ് ലോകത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുമ്പോൾ മനുഷ്യർ ആശങ്കയുടെ മുൾമുനയിൽ നിൽക്കുന്ന അവസ്ഥയാണുള്ളത്. മനുഷ്യത്വമുള്ള ഏതൊരാളും ഈയൊരു പ്രയാസത്തിൽ ദുഃഖിക്കുകയും ആശങ്കപ്പെടുകയും ചെയ്യുമെന്ന തിൽ സംശയമില്ല. എന്നാൽ മനുഷ്യത്വം എന്നോ നഷ്ടപ്പെട്ടുപോയ ചില യുക്തിവാദികൾ മതത്തെ കരിവാരിത്തേക്കാനും നിഷേധിക്കാനും വേണ്ടി ഈ മഹാമാരിയെ മറയാക്കിയിരിക്കുകയാണിപ്പോൾ!

‘മത ചടങ്ങുകൾ എല്ലാം നിർത്തിവെച്ചിരിക്കുന്നു, ജുമുഅയും ജമാഅത്തും നിന്നു. മക്കയിൽ ത്വവാഫ് നിർത്തിവെച്ചിരിക്കുന്നു. അതുകൊണ്ട് മതം പ്രതിസന്ധിയിലാണ്. ഇനി ശാസ്ത്രം മാത്രമെ പോംവഴിയുള്ളൂ’ എന്നതാണ് ഈ വിവരദോഷികളുടെ കണ്ടെത്തൽ. കേട്ടാൽ തോന്നും കൊറോണ പ്രയാസം സൃഷ്ടിക്കുന്നത് മതവിശ്വാസികൾക്ക് മാത്രമാണ്; നാസ്തികമാർക്ക് ഒരു ചുക്കും സംഭവിക്കില്ല എന്ന്! യഥാർഥത്തിൽ ലോകത്ത് എല്ലാവരും ഇതിന്റെ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശാസ്ത്രലോകം ഇന്ന് ഈ മഹാമാരിയെ അമർച്ച ചെയ്യാനാവാതെ അന്തംവിട്ടു നിൽക്കുകയാണ്. അപ്പോഴാണ് ചില അന്തംകമ്മികൾ ശാസ്ത്രത്തിന്റെ പേരിൽ മതത്തെ കരിവാരിത്തേക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്!

തങ്ങൾ ശാസ്ത്രത്തിന്റെ ആളുകളാണ് എന്ന തെറ്റായ സന്ദേശം പറഞ്ഞൊപ്പിക്കാൻ കൂടിയാണ് ഈയൊരു സർക്കസ് അവർ കളിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥത്തിൽ ശാസ്ത്രത്തിന്റെ പേരിൽ മേനി നടിക്കാൻ ഇവിടുത്തെ നാസ്തികന്മാർക്ക് എന്ത് അവകാശമാണുള്ളത്? എന്ത് സംഭാവനയാണ് നാസ്തികന്മാർ ശാസ്ത്രരംഗത്ത് നൽകിയി

ട്ടുള്ളത്; ചില കൊടുംചതികളല്ലാതെ?

നാസ്തികത ശാസ്ത്രമല്ല, ശാസ്ത്രത്തിന് നാസ്തികയുടെ ആവശ്യവുമില്ല. പിന്നെയും ഇവർ ശാസ്ത്രമെന്ന് പറഞ്ഞ് ഞെളിയുന്നുണ്ടെങ്കിൽ അത് ഉത്തരത്തിലെ പല്ലിയുടെ മനോഗതി മാത്രമാണ്! ഒരു രോഗം വരുമ്പോഴേക്കും പ്രതിസന്ധിയിലാകുന്ന മതമല്ല ഇസ്‌ലാം. ഇസ്‌ലാം മനുഷ്യർക്കുള്ളതാണ് . മനുഷ്യന്റെ പ്രതിസന്ധി മതത്തിന് ഉണ്ടാവുകയില്ല. അതേസമയം മനുഷ്യന്റെ പ്രതിസന്ധികൾ മനസ്സിലാ ക്കുന്ന മതമാണിസ്‌ലാം. പ്രതിസന്ധി ഘട്ടങ്ങളിൽ മനുഷ്യന് ആവശ്യമായിട്ടുള്ള ഇളവുകൾ ആരാധനയിൽ പോലും നൽകുന്ന മതമാണ് ഇസ്‌ലാം.

ത്വവാഫ് നിൽക്കാം; അതിലെന്താണ് മതത്തിന്റെ പ്രതിസന്ധിയുള്ളത്? മുസ്‌ലിമകൾ കഅ്ബയെ ചുറ്റുമ്പോൾ അവരുടെ മനസ്സിൽ കഅ്ബാരാധനയില്ല. കഅ്ബയിലേക്ക് തിരിഞ്ഞു നമസ്കരിക്കുമ്പോൾ അവരുടെ മനസ്സിൽ സുജൂദ് ആ കഅ്ബക്കാണെന്നല്ല; കഅ്ബയുടെ രക്ഷിതാവിനാണ് എന്നാണുണ്ടാവുക.

കഅ്ബ പൊളിക്കപ്പെടുന്ന കാലം വരാനിരിക്കുന്നു എന്ന് പ്രവാചകന്റെ ഹദീസിൽ വ്യക്തമാവുന്നു ണ്ട്. അപ്പോൾ കഅ്ബ തകർക്കപ്പെട്ടാലും ഇസ്‌ലാമിന് ഒരു പ്രതിസന്ധിയുമില്ല! കാരണം കഅ്ബയല്ല ഇസ്‌ലാമിലെ ദൈവം; അല്ലാഹുവാണ്. അവനെ തകർക്കാൻ ഒരാൾക്കും കഴിയില്ലല്ലോ!

പിന്നെ എന്താണ് ഇസ്‌ലാമിന് പ്രതിസന്ധിയിലാവാനുള്ളത്? ജുമുഅ നിർത്തിവെച്ചിട്ടുണ്ടെങ്കിൽ അതിലും മതം യാതൊരു വിധത്തിലും പ്രതിസന്ധിയിലാവുന്നില്ല. മനുഷ്യന്മാർ പങ്കെടുക്കേണ്ടതാണ് ജുമുഅ. ആ ജുമുഅയിൽ ഒരുമിച്ചുകൂടുന്നവരുടെ ജീവനുതന്നെ അപകടം ഉണ്ടാക്കാവുന്ന വ്യാധികൾ നാട്ടിലാകെ പരക്കും എന്നുണ്ടെങ്കിൽ, ആ വലിയ പ്രതിസന്ധി ഒഴിവാക്കുവാൻ ജുമുഅ നടത്താതിരിക്കുകയാണ് വേണ്ടത്. അതാണ് ഇസ്‌ലാമിന്റെ സവിശേഷത. അത് മനുഷ്യപക്ഷത്താണ് നിലകൊള്ളുന്നത്. അത്തരം ഘട്ടങ്ങളിൽ ജുമുഅ ഒഴിവാക്കാനുള്ള ഇളവുതന്ന മതം നിത്യ പ്രസക്തമാവുകയാണ് ചെയ്യുന്നത്. അല്ലാതെ പ്രതിസന്ധിയിലാവുകയല്ല.

ഈയൊരു പ്രയാസത്തിന്റെ വേളയിൽ വൈദ്യശാസ്ത്രത്തിന് ആളുകളോട് നിർദേശിക്കാനുള്ളത് പതിനാല് നൂറ്റാണ്ട് മുമ്പ് മക്കയിലെ ആത്മീയാചാര്യൻ മുഹമ്മദ് നബിﷺനിർദേശിച്ചിട്ടുള്ള കാര്യങ്ങൾ തന്നെയാണ് എന്നതാണ് സത്യം!

ശരീരവും മനസ്സും വൃത്തിയുള്ളതാകണം. ഉറങ്ങി എഴുന്നേൽക്കുമ്പോൾ കരങ്ങൾ കഴുകണം. ദിനേന അഞ്ചുതവണ നിർബന്ധമായും കൈഴുകാൻ (വുദൂഇന്റെ ഭാഗമായി) കൽപിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ.

ശാരീരികവൃത്തി മതപരമായി ഏറ്റവും കൂടുതൽ കൽപിച്ച മതമാണിസ്‌ലാം. മൂത്രമൊഴിച്ചാൽ കഴുകണം. നായ പാത്രത്തിൽ തലയിട്ടാൽ ഏഴു തവണ കഴുകണം; അതിൽ ഒരുതവണ മണ്ണുകൊണ്ട് കഴുകണം. പൊതുസ്ഥലങ്ങളിൽ, വഴിയോരങ്ങളിൽ, കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത് . വീടും പള്ളിയും വൃത്തിയുള്ളതാവണം...ഇങ്ങനെ എത്രയെത്ര നിർദേശങ്ങൾ! കൂടാതെ രോഗാവസ്ഥയിൽ പാലിക്കേണ്ടവ വേറെയും പറഞ്ഞു. രോഗിയുമായി സമ്പർക്കം ഒഴിവാക്കണം.

പ്രവാചകന്റെ അടുക്കൽ ബൈഅത്ത് ചെയ്യാൻ വേണ്ടി വന്നവരിൽ ഒരാൾ കുഷ്ഠരോഗിയാണെന്നറിഞ്ഞപ്പോൾ പ്രവാചകൻﷺ അയാൾക്ക് കൈകൊടുക്കാൻ വിസമ്മതിക്കുകയും അയാളിൽ നിന്ന് വാക്കാൽ ബൈഅത്ത് വാങ്ങുകയും വേഗം തിരിച്ചുപോകാൻ ആവശ്യപ്പെടുകയും ചെയ്തു എന്ന് മുസ്‌ലിം ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം. രോഗമുള്ള ഒട്ടകത്തെ രോഗമില്ലാത്ത ഒട്ടകത്തിന്റെ കൂടെ കെട്ടിയിടരുത്.

പ്രവാചകൻﷺ പഠിപ്പിച്ച ഇത്തരം നിർദേശങ്ങൾ തന്നെയാണ് ഇന്ന് മഹാമാരി പരക്കുമ്പോഴും വൈദ്യശാസ്ത്രത്തിന് ആളുകളോട് നിർദേശിക്കാനുള്ളത്.


ചുരുക്കത്തിൽ ഇത്തരം പ്രയാസങ്ങളിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ഒരു പ്രതിസന്ധിയും ഇല്ല എന്നതാണ് നേര്. അതേസമയം ആൾദൈവങ്ങളും ദൈവികശക്തി അവകാശപ്പെടുന്ന ചില വ്യക്തികളും മാളത്തിൽ ഒളിച്ചിരിക്കുന്നു എന്നുള്ളത് യാഥാർഥ്യമാണ്. അവർക്ക് അവരുടെ ശക്തി തെളിയിക്കാനുള്ള അവസരമായിരുന്നു ഇത്. പക്ഷേ, ആരെയും കാണുന്നില്ല!

എല്ലാത്തിനും കഴിവുള്ളവൻ അല്ലാഹു മാത്രമാണ് എന്നതും ഇത്തരം സിദ്ധൻമാർക്കും ബിവിമാർക്കും യാതൊരു ശക്തിയുമില്ല എന്നതും ഈ ഒരു അവസരത്തിൽ തെളിഞ്ഞിരിക്കുകയാണ്. അല്ലാഹുവിനെ സംബന്ധിച്ച് ഒരു കാര്യം ചെയ്യാം, ചെയ്യാതിരിക്കാം. അവന് ചെയ്യാൻ കഴിയാത്ത ഒന്നുമില്ല. അതേസമയം മനുഷ്യർക്ക് ചെയ്യാൻ കഴിയുന്നത് അവർ നിർബന്ധമായും ചെയ്തിരിക്കണം. ഇല്ലെങ്കിലവർ ശിക്ഷാർഹരാണ്.

അവിടെയാണ് യഥാർഥ ദൈവവും 'മനുഷ്യദൈവങ്ങളും' തമ്മിൽ വേർതിരിയുന്നത്. മതത്തിന്റെ ഈ അടിത്തറകൾ ഒന്നും ഗ്രഹിക്കാതെ നാസ്തികർ കളിക്കുന്ന കിട്ടുണ്ണി സർക്കസ് ഒരുതരം വൈറസ് ബാധ തന്നെയാണ്. ഇത്തരം ഘട്ടങ്ങളിലെങ്കിലും അഹങ്കാരം വെടിഞ്ഞ് ഈ പ്രപഞ്ചത്തിന്റെ പിന്നിലെ മഹാശക്തിയെ കണ്ടെത്താനും അംഗീകരിക്കാനുമുള്ള മനസ്സുണ്ടാവണമെന്നാണ് ഉണർത്താനുള്ളത്. ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം




# യുക്തിദീക്ഷയും സഹനശീലവും

**വേ**ണ്ടത് വേണ്ടരീതിയിൽ വേണ്ടസമയം പ്രവർത്തിക്കൽ ഹിക്മത്താണ്. ശരി പറയലും ശരി പ്രവർത്തിക്കലും ശരിയായ വിശ്വാസം വെച്ചുപുലർത്തലും ഒരു വസ്തു വെക്കേണ്ടിടത്ത് വെക്കലും ഹിക്മത്താണ്. ഒരാൾ ഹിക്മത്തോടെ വർത്തിക്കുമ്പോൾ അവകാശങ്ങൾ അർഹരായവർക്ക് അയാൾ വകവെക്കുകയും അതിൽ അതിരുവിടാതിരിക്കുകയും അത് കൃത്യസമയത്താക്കുകയും ചെയ്യും.

അറിവും വിവേകവും അവധാനതയും ഹിക്മത്തിന്റെ അടിസ്ഥാനങ്ങളാണ്. അജ്ഞതയും അവിവേക വും ധൃതിയും ഹിക്മത്തിനെ ഹനിക്കുന്നവയും അതിന് നിരക്കാത്തതുമാണ്. ഹിക്മത്ത് അല്ലാഹുവിൽ നിന്നാണ്. അവനുദ്ദേശിക്കുന്നവർക്ക് അത് അവൻ നൽകുന്നു:

"താൻ ഉദ്ദേശിക്കുന്നവർക്ക് അല്ലാഹു (യഥാർഥ) ജ്ഞാനം നൽകുന്നു. ഏതൊരുവന്ന് (യഥാർഥ) ജ്ഞാനം നൽകപ്പെടുന്നുവോ അവന്ന് (അതുവഴി) അത്യധികമായ നേട്ടമാണ് നൽകപ്പെടുന്നത്'' (ക്വുർആൻ 2:269).

അല്ലാഹു ഹിക്മത്ത് ഏകി അനുഗ്രഹിച്ച രണ്ടു മഹനീയ വ്യക്തിത്വങ്ങളായിരുന്നു ദാവൂദ് നബി(عليه السلام)യും പുത്രൻ സുലൈമാൻ നബി(عليه السلام)യും. ഗവേഷണാത്മക വിഷയങ്ങളിൽ, യുക്തിപരമായ തീരുമാനങ്ങളിൽ ദാവൂദ് നബി(عليه السلام)യെക്കാൾ സുലൈമാൻ നബി(عليه السلام) മികച്ചുനിന്നതായി നമുക്ക് ചരിത്ര ത്തിൽ വായിക്കാം. അബൂഹുറയ്‌റ(رضي الله عنه)യിൽ നിന്നുള്ള ഒരു തിരുമൊഴി ഇപ്രകാരമുണ്ട്:

"രണ്ടു സ്ത്രീകൾ, അവരോടൊപ്പം അവരുടെ ആൺമക്കളുണ്ടായിരിക്കെ ഒരു ചെന്നായ വന്ന് രണ്ടിൽ ഒരു കുഞ്ഞിനെ കൊണ്ടുപോയി. ഒരുവൾ തന്റെ കൂട്ടുകാരിയോടു പറഞ്ഞു: 'നിന്റെ കുഞ്ഞിനെയാണ് ചെന്നായ കൊണ്ടുപോയത്.' അപര പറഞ്ഞു: 'നിന്റെ കുഞ്ഞിനെയാണ് കൊണ്ടുപോയത്.' സ്ത്രീകൾ ഇരുവരും ദാവൂദ് നബി(عليه السلام)യോട് വിധി തേടി. ദാവൂദ് നബി(عليه السلام) മുതിർന്ന സ്ത്രീക്ക്

കുഞ്ഞിനെ വിധിച്ചു. അങ്ങനെ അവരിരുവരും സുലൈമാൻ നബിﷺയുടെ അടുക്കലേക്ക് പുറപ്പെട്ടു. സുലൈമാൻ നബിയെ അവരിരുവരും വിവരം അറിയിച്ചു. അദ്ദേഹം പറഞ്ഞു: 'ഒരു കത്തികൊണ്ടു വരൂ. ഇവർ ഇരുവർക്കുമിടയിൽ ഞാൻ കുഞ്ഞിനെ കഷ്ണിച്ചു വിഭജിക്കാം.' ഉടൻ ഇളയവൾ പറഞ്ഞു: 'അല്ലാഹു താങ്കളിൽ കരുണ ചൊരിയട്ടെ. കുഞ്ഞ് അവരുടേതാണ്. നിങ്ങൾ കുഞ്ഞിനെ കഷ്ണിക്കരുത്.' അപ്പോൾ സുലൈമാൻ നബിﷺ കുഞ്ഞിനെ ഇളയവൾക്കു വിധിച്ചു നൽകി" (ബുഖാരി).

ഇവിടെ രണ്ടു സ്ത്രീകളുടെ കൈകളിലും ഒരുപോലെ ഇരിക്കുവാൻ കുട്ടി തയ്യാറായിക്കണ്ടതിനാലാണ് ദാവൂദ് നബിﷺ മൂത്ത സ്ത്രീക്ക് അവരുടെ വയസ്സു മാനിച്ച് അനുകൂലമായി വിധിച്ചത്. എന്നാൽ കുഞ്ഞ് രണ്ടു പേരുടെതും ആകുവാനുള്ള സാധ്യത സുലൈമാൻ നബിﷺ കാണുകയാണ്. അതിനാൽ അദ്ദേഹം നല്ല രീതിയിൽ ഗവേഷണം നടത്തി. രണ്ടു പേരുടെതും ഗവേഷണമായിരുന്നു. എന്നാൽ പിതാവിനെക്കാൾ ബുദ്ധികൂർമതയായിരുന്നു പുത്രനായ സുലൈമാൻ നബിക്ക്.

ഹിക്മത്ത് അല്ലാഹു അരുളി അനുഗ്രഹിച്ച മഹദ്‌വ്യക്തിത്വമായിരുന്നു മുഹമ്മദ് നബിﷺ. തിരുന ബിയുടെ ഹിക്മത്തുള്ള പെരുമാറ്റങ്ങളും മൊഴികളും ധാരാളമാണ്. തന്റെ ജനതയോട് തികഞ്ഞ ഹിക്മത്തോടെ വർത്തിച്ച ഒരു ചരിത്രത്തിലേക്കു മാത്രം ഇവിടെ വെളിച്ചമേകുന്നു:

സംരക്ഷകനായിരുന്ന പിതൃവ്യൻ അബൂത്വാലിബിന്റെയും പ്രിയപത്നി ഖദീജ﵂യുടെയും മരണശേ ഷം ബഹുദൈവവിശ്വാസികളുടെ ശാരീരികവും മാനസികവുമായ പീഡനങ്ങൾ താങ്ങാവുന്നതിലുമധിക മായി തിരുനബിﷺക്ക്. അതിനാൽ തിരുമേനി മക്കയിൽനിന്ന് ത്വാഇഫിലേക്ക് പലായനം ചെയ്തു. ത്വാഇ ഫിലെത്തിയ ശേഷം ഉത്തരവാദപ്പെട്ടവരോട് തന്റെ ദൗത്യ നിർവഹണത്തിന് തന്നെ സഹായിക്കണമെന്നും തനിക്ക് അഭയംനൽകണമെന്നും കേണപേക്ഷിച്ചു. പരിഹാസങ്ങളും കുത്തുവാക്കുകളും മാത്രമായിരുന്നു അവരുടെ പ്രതികരണം. അവർ അവിവേകികളെയും അടിമകളെയും തിരുമേനിക്കെതിരിൽ പ്രലോഭിപ്പിച്ച് ഇളക്കി വിട്ടു. തിരുമേനി പ്രാണനും കൊണ്ടോടി. അവർ കൂക്കി വിളിച്ച് പിറകെയും. ഓടുവാൻ ഉയർത്തുന്ന ഓരോകാലും നോക്കി വഴിവക്കിൽ കല്ലുകളുമായി കാത്തുനിന്നവർ തിരുമേനിയെ എറിഞ്ഞു. ഇരു കാലുകളിലും മുറിവുകൾ വീണു. രക്തം വാർന്നൊലിച്ചു. വാരകൾക്കപ്പുറം ഒരു മതിലിനുള്ളിലെ തോട്ട ത്തിൽ തിരുമേനിﷺ തൽകാലം രക്ഷപ്രാപിച്ചു. ത്വാഇഫുകാർ ഏറും കൂവും മതിയാക്കി മടങ്ങി. തിരുമേനിﷺ പറയുന്നു: 'ക്വർനുഥആലിബ് എന്ന സ്ഥലത്തെത്തിയപ്പോൾ ഞാൻ തലയുയർത്തി. അപ്പോഴതാ ഒരു കാർമേഘം എനിക്ക് തണൽവിരിച്ചിരിക്കുന്നു. ജിബ്‌രീൽ എന്നെ വിളിക്കുന്നു: 'നിശ്ചയം അല്ലാഹു താങ്കളുടെ ജനതയുടെ സംസാരവും താങ്കളോട് അവർ പ്രതികരിച്ചതും കേട്ടിരിക്കുന്നു. അവരുടെ വിഷയത്തിൽ താങ്കൾ ഉദ്ദേശിക്കുന്നത് കൽപിക്കുവാനായി മലകുൽജിബാലിനെ അല്ലാഹു താങ്കളിലേക്ക് അയച്ചിരിക്കുന്നു. അപ്പോൾ മലകുൽജിബാൽ എന്നെ വിളിച്ചു. എനിക്ക് സലാം പറഞ്ഞു. ശേഷം പറഞ്ഞു: 'മുഹമ്മദ്! താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അഖ്ശബയ്ൻ(മക്കയിലെ അബൂഖുബയ്സ്, ക്വുഐകിആൻ എന്നീ രണ്ടു പർവതങ്ങൾ) അവരുടെമേൽ മറിച്ചിടുവാൻ അല്ലാഹു പറഞ്ഞിരിക്കുന്നു.' തിരുനബി പറഞ്ഞു: 'വേണ്ട. അല്ലാഹുവെ മാത്രം ആരാധിക്കുന്ന, അവനിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവരെ അല്ലാഹു അവരുടെ മുതുകിൽ നിന്ന് ജന്മമേകുവാൻ ഞാൻ ആഗ്രഹിക്കുന്നു.''

പ്രശ്നങ്ങളിൽ അവസരോചിതമായി ഇടപെടലും അത് കൈകാര്യം ചെയ്യലും അതിൽ ഉചിതമായി സംസാരിക്കലും ഒരു വ്യക്തിയുടെ ഹിക്മത്താണ് വിളിച്ചറിയിക്കുന്നത്. നബിﷺയുടെ വിയോഗാനന്തരം ഉമർ﵁ ഏറെ വിഷമം പ്രകടിപ്പിക്കുകയും വികാരഭരിതനാവുകയുമുണ്ടായി. തിരുമേനി മരണപ്പെട്ടു എന്ന വാർത്ത നിരാകരിച്ചുകൊണ്ട് ഉമർ﵁ സംസാരിക്കുവാനും പെരുമാറുവാനും തുടങ്ങി. തിരുനബിﷺയോടുള്ള സ്നേഹാധിക്യത്താൽ മാത്രമായിരുന്നു അതെല്ലാം. ഈ സന്ദർഭത്തിൽ അബൂബകറി﵁ന്റെ ഹിക്മത്തോടു കൂടിയുള്ള പ്രസംഗവും സമീപനങ്ങളും ഇപ്രകാരം ചരിത്രത്തിൽ വായിക്കാം:

"നിശ്ചയം, ഉമർ ജനങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കെ അബൂബകർ വന്നു. അദ്ദേഹം ഉമറിനോട് പറഞ്ഞു: 'താങ്കൾ ഇരിക്കൂ.' ഉമർ വിസമ്മതിച്ചു. അബൂബകർ പ്രസംഗിക്കുവാനെന്നോണം സാക്ഷ്യവചനങ്ങൾ ചൊല്ലി. ജനങ്ങൾ അദ്ദേഹത്തിലേക്ക് അടുക്കുകയും ഉമറിനെ ഒഴിവാക്കുകയും ചെയ്തു. അബൂകർ ഇപ്രകാരം പ്രസംഗിച്ചു: 'നിങ്ങളിൽ വല്ലവരും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം മുഹമ്മദ് മരണപ്പെട്ടിരിക്കുന്നു. വല്ലവരും അല്ലാഹുവെ ആരാധിച്ചിരുന്നുവെങ്കിൽ അല്ലാഹു മരണമില്ലാത്തവനും എന്നെന്നും ജീവിച്ചിരിപ്പുള്ളവനുമാകുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു: മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോകുകയോ? ആരെങ്കിലും പുറകോട്ട് തിരിച്ചുപോകുന്ന പക്ഷം അല്ലാഹുവിന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്"(ക്വുർആൻ 3:144). അല്ലാഹുവാണെ സത്യം!

അബൂബകർ പാരായണം ചെയ്യുന്നതുവരെ ജനങ്ങൾ ആ ആയത്ത് അറിയാതെ അദ്ദേഹത്തിൽ നിന്ന് അത് സ്വീകരിച്ചവരെപ്പോലെയായി. അതോടെ പ്രസ്തുത ആയത്ത് എല്ലാവരും പാരായണം ചെയ്യുന്നതായി കേൾക്കപ്പെട്ടു.''

**സഹനശീലം**

കോപം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കലും പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനും പ്രാപ്തിയുണ്ടായിട്ടും ആത്മനിയന്ത്രണം അവലംബിക്കലുമാണ് ഹിൽമ് (സഹനശീലം). വിശ്വാസികൾ ഇത്തരം സ്വഭാവക്കാരാകണമെന്നത് വിശുദ്ധ വചനങ്ങളുടെ തേട്ടവും ആഹ്വാനവുമാണ്. തത്തുല്യ പ്രതികരണവും തിന്മയെ തിന്മകൊണ്ട് ചെറുക്കലും ഇസ്‌ലാം വിലക്കി. തിന്മയെ നന്മകൊണ്ട് തടുക്കുവാനും മാപ്പേകുവാനും വിട്ടുവീഴ്ച ചെയ്യുവാനും പ്രോത്സാഹനം നൽകി.

“നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും,അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക'' (ക്വുർആൻ 7:199).

“നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു'' (ക്വുർആൻ 41:34).

ബനൂഅബ്ദിൽകയ്സ് ഗോത്രത്തിലെ അശജ്ജിനോട് തിരുദൂതർ പറഞ്ഞു:“താങ്കളിൽ രണ്ടു സ്വഭാ വങ്ങളുണ്ട്. അവ രണ്ടും അല്ലാഹു ഇഷ്ടപ്പെടുന്നു; വിവേകവും അവധാനതയും'' (മുസ്‌ലിം).

അനസിﷺൽനിന്ന് നിവേദനം. തിരുദൂതർﷺ പറഞ്ഞു: “സാവകാശം അല്ലാഹുവിൽ നിന്നാണ്. ധൃതി പിശാചിൽ നിന്നുമാണ്. അല്ലാഹുവെക്കാൾ കൂടുതൽ ഒഴിവുകഴിവുകളെടുക്കുന്ന ഒരാളുമില്ല. ഹംദിനോളം അല്ലാഹുവിലേക്ക് ഇഷ്ടകരമായ യാതൊന്നുമില്ല'' (മുസ്നദു അബീയഅ്ലാ. അൽബാനി ഹസനെന്നു വിശേഷിപ്പിച്ചു).

അബൂഹുറയ്ﷺയിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: “ശക്തൻ ഗുസ്തിപിടിച്ചു നിലം പറ്റിക്കുന്നവനല്ല. കോപം വരുമ്പോൾ ആത്മനിയന്ത്രണം പാലിക്കുന്നവനാണ് ശക്തൻ'' (ബുഖാരി, മുസ്‌ലിം).

സഹനശീലത്തിന്റെ മഹത്ത്വമറിയിക്കുന്ന മഹൽവചനങ്ങൾ ധാരാളാമണ്. അലിയ്യ് ഇബ്നുഅബീത്വാലിബ്ﷺ പറഞ്ഞു: “താങ്കളുടെ സമ്പത്തും സന്തതികളും വർധിക്കലല്ല നന്മ. പ്രത്യുത, താങ്കളുടെ അറിവ് വർധിക്കലും സഹനശീലം മഹത്തരമാകലും അല്ലാഹുവിന്ന് ഇബാദത്തെടുത്ത് ജനങ്ങളോട് പെരുമകാണിക്കാതിരിക്കലുമാണ് നന്മ. താങ്കൾ സുകൃതം ചെയ്താൽ അല്ലാഹുവെ സ്തുതിക്കുക. തെറ്റു ചെയ്താൽ അല്ലാഹുവോട് പൊറുക്കലിനെ തേടുക'' (ഹിൽയതു അബീനുഐം 1:75).

സഹനത്തിന്റെ അനിവാര്യതയും പ്രാധാന്യവമറിയിക്കുന്ന ഒരു വചനം കാണുക: ഉമർ ഇബ്നു അബ്ദിൽഅസീസിൽ(റഹ്)നിന്നു നിവേദനം:“അഞ്ചു സ്വഭാവങ്ങൾ ഉണ്ടാകുന്നതുവരെ ഒരാൾ ക്വാദി (വിധികർത്താവ്) ആകൽ ഭൂഷണമല്ല. പവിത്രത, വിവേകം, തന്റെ മുമ്പുണ്ടായിരുന്നത് (വിധികളും സുന്നത്തുകളും) അറിയുന്നവനാകൽ, ബുദ്ധിയുള്ളവരോടു കൂടിയാലോചന നടത്തൽ, അല്ലാഹുവിന്റെ വിധി നടപ്പാക്കുന്നതിൽ യാതൊരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഭയക്കാതിരിക്കൽ എന്നിവയാണവ'' (അൽബാനിയുടെ ഇർവാഉൽഗലീൽ 8:239).

തിരുനബിﷺയിൽ വിവേകവും സഹനവും മികച്ച് നിൽക്കുമായിരുന്നു. അവിവേകിയുടെ പെരുമാറ്റം നബിﷺയെ കൂടുതൽ വിവേകമുള്ളവനാക്കുകയും ചെയ്തിരുന്നു. സെയ്ദ് ഇബ്നുസഅ്ന എന്ന ജൂത പുരോഹിതൻ തന്റെ അനുഭവം നോക്കൂ:

ഒരു ദിനം അദ്ദേഹം തിരുനബിﷺയോടൊത്ത് നിൽക്കവെ, ഒരാൾ തന്റെ വാഹനപ്പുറത്ത് ആഗതനായി. ഒരു ഗ്രാമത്തിലെ മുസ്‌ലിംകൾ കാലക്കെടുതികളിലും കഷ്ടപ്പാടുകളിലുമാണെന്ന വിവരം പറഞ്ഞു. അവരെ സഹായിക്കുവാനുള്ള സമ്പത്ത് നബിﷺയുടെ കയ്യിലില്ലായിരുന്നു. ആ സമയം സെയ്ദ് ഇബ്നുസഅ്നഃ തിരുനബിﷺയുടെ അടുത്തു ചെന്ന് പറഞ്ഞു: 'ഇതാ എൺപത് സ്വർണ നാണയങ്ങൾ. നിർണിത തീയതിയായാൽ പകരം ഈ സംഖ്യക്കൊത്ത കാരക്ക തന്ന് കടംവീട്ടിയാൽ മതി.' തിരുനബിﷺ അത് സ്വീകരി ക്കുകയും വാഹനപ്പുറത്തെത്തിയ വ്യക്തിയെ ഏൽപിക്കുകയും ചെയ്തു. നബിﷺ അയാളോട് പറഞ്ഞു: 'ആ ഗ്രാമവാസികളിലേക്ക് മടങ്ങിച്ചെന്ന് അവരെ സഹായിക്കൂ.'

സെയ്ദ് ഇബ്നുസഅ്ന പറയുന്നു: “വ്യവസ്ഥ പ്രകാരം ബാധ്യത തീർക്കുവാൻ രണ്ടുമൂന്ന് നാളുകൾ ശേഷിക്കുന്നുണ്ട്. നബി ഒരു ജനാസയെ അനുഗമിച്ച് ബക്വീഅ് ക്വബ്റിസ്ഥാനിലേക്ക് പുറപ്പെട്ടതായിരുന്നു. അനുചരന്മാരിൽ അബൂകറും ഉമറും ഉഥ്മാനും മറ്റുമുണ്ട്. ജനാസ നമസ്കരിച്ച തിരുമേനി ചാരിയിരിക്കുവാൻ ഒരു ചുമരിനരികിലേക്ക് അടുത്തപ്പോൾ ഞാൻ അടുത്ത് ചെന്നു. അദ്ദേഹത്തിന്റെ കുപ്പായ മാറും ശിരോവ സ്ത്രവും കൂട്ടി അദ്ദേഹത്തെ കടന്നുപിടിച്ചു. പരുഷമായ മുഖഭാവത്തോടെ അദ്ദേഹത്തെ രൂക്ഷമായി നോക്കി. ഞാൻ പറഞ്ഞു: 'മുഹമ്മദ്, എന്നോടുള്ള ബാധ്യത വീട്ടുന്നില്ലേ? നിങ്ങൾ, അബ്ദുൽമുത്ത്വലിബിന്റെ മക്കൾ ബാധ്യത തീർക്കുന്നതിൽ അമാന്തിക്കുന്നവരാണ്. നിങ്ങളോടുള്ള ഇടപഴകലിൽ എനിക്ക് നിങ്ങളെ യെല്ലാം നന്നായി അറിയാം.' സെയ്ദ് ഇബ്നുസഅ്നഃ തുടരുന്നു: 'ഞാൻ ഉമറിനെ നോക്കി. കോപാകുലനായ ഉമറിന്റെ ഇരുകണ്ണുകളും ഗോളങ്ങൾക്ക് സമാനമായി അദ്ദേഹത്തിന്റെ മുഖത്ത്

കറങ്ങുന്നു. എന്നെ നോക്കി ഉമർ പറഞ്ഞു: 'ശത്രൂ, തിരുദൂതരോടാണോ നീ ഇതെല്ലാം പറയുന്നതും ചെയ്യുന്നതും? അല്ലാഹു വാണെ, ഞാൻ ചില കാര്യങ്ങൾ ഭയക്കുന്നില്ലായിരുന്നുവെങ്കിൽ എന്റെ ഈ വാളുകൊണ്ട് നിന്റെ തല ഞാൻ കൊയ്യുമായിരുന്നു. എന്നാൽ, തിരുദൂതരാകട്ടെ തീർത്തും ശാന്തനാണ്. തികഞ്ഞ അടക്കത്തോടെ അദ്ദേഹം എന്നെ നോക്കുന്നു. അദ്ദേഹം ഉമറിനെ വിളിച്ചു: 'ഉമർ, ഞാനും സെയ്ദ് ഇബ്നുസെയ്നയും നിങ്ങളുടെ കോപം മൂത്ത പെരുമാറ്റം ആവശ്യമുള്ളവരല്ല. പ്രത്യുത, നല്ല നിലക്ക് ബാധ്യത തീർക്കുവാൻ എന്നോടും നല്ലരീതിയിൽ അത് സ്വീകരിക്കുവാൻ അദ്ദേഹത്തോടും ആവശ്യപ്പെടുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. ഉമർ, നിങ്ങൾ അദ്ദേഹത്തിന്റെ കൂടെ പോയി അദ്ദേഹത്തിന്റെ ബാധ്യത തീർക്കുക. നിങ്ങൾ അദ്ദേഹത്തെ ഭയപ്പെടുത്തിയതിന് പകരമായി ഇരുപത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചെയ്യുക.' സെയ്ദ് ഇബ്നു സെയ്ന തുടരുന്നു: 'ഉമർ എന്നെ കൂട്ടി നടന്നു. ശേഷം എന്റെ കടംവീട്ടി. ഇരു പത് സ്വാഅ് ഈന്തപ്പഴം കൂടുതൽ നൽകുകയും ചെയ്തു. ഞാൻ ചോദിച്ചു: ഏറെ നൽകിയത് എന്തിനാണ്? ഉമർ: 'ഞാൻ നിങ്ങളെ ഭയപ്പെടുത്തിയതിന് പകരമായി കൂടുതൽ നൽകുവാൻ തിരുദൂതർ പറഞ്ഞതാണ്. ഞാൻ പറഞ്ഞു: 'ഉമർ, താങ്കൾക്ക് ഞാൻ ആരെന്ന് അറിയുമോ?' ഉമർ: 'ഇല്ല, ആരാണ് താങ്കൾ?' ഞാൻ പറഞ്ഞു: 'സെയ്ദ് ബ്നു സെയ്നയാണ്.' ഉമർ: 'വേദപണ്ഡിതൻ?' ഞാൻ പറഞ്ഞു: 'അതെ, വേദപണ്ഡിതൻ.' ഉമർ: 'തിരുദൂതരോട് പരുഷമായി പെരുമാറുവാനും സംസാരിക്കുവാനും നിങ്ങളെ പ്രേരിപ്പിച്ചത് എന്താണ്?' ഞാൻ പറഞ്ഞു: 'ഉമർ, തിരുദൂതരുടെ മുഖത്തേക്ക് ഒരുനോക്ക് നോക്കിയപ്പോൾ തന്നെ പ്രവാചകത്വത്തിന്റെ ലക്ഷണങ്ങളെല്ലാം അദ്ദേഹത്തിൽ ഒത്തതായി ഞാൻ മനസ്സിലാക്കി. ശേഷിക്കുന്നത് രണ്ടെണ്ണം മാത്രമാണ്; അവയെ കുറിച്ച് എനിക്ക് വിവരം ലഭിച്ചില്ല. 'വിവേകം അദ്ദേഹത്തിൽ മികച്ച് നിൽക്കും, അദ്ദേഹത്തോടുള്ള അവിവേകിയുടെ പെരുമാറ്റം അദ്ദേഹത്തെ കൂടുതൽ വിവേകമുള്ളവനാക്കും' ഇവയായിരുന്നു അവ രണ്ടും. ഇതോടെ അവ രണ്ടും തീർച്ചയായും ഞാൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ഉമർ, താങ്കളെ ഞാൻ സാക്ഷിയാ ക്കുന്നു; തീർച്ചയായും ഞാൻ അല്ലാഹുവെ ആരാധ്യനായും ഇസ്‌ലാമിനെ മതമായും മുഹമ്മദിനെ പ്രവാച കനായും തൃപ്തിപ്പെട്ടിരിക്കുന്നു."

അതിനുശേഷം സെയ്ദ് ഇബ്നുസെയ്ന തിരുസവിധത്തിൽവെച്ച് ഇസ്‌ലാം ആശ്ലേഷിച്ചു. ഇതു പോലുള്ള സംഭവങ്ങൾ തിരുചരിതത്തിൽ ധാരാളമാണ്. നബിപുംഗവന്മാരിൽ ചിലരുടെ സ്വഭാവങ്ങളെ അല്ലാഹു എടുത്തു പറയുമ്പോൾ അവരുടെ സഹനശീലത്തെ പ്രത്യേകം പറഞ്ഞതായി നമുക്ക് കാണാം. ഇസ്മാഈലിﷺനെ കുറിച്ച് അല്ലാഹു പറയുന്നു: 'അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷ വാർത്ത അറിയിച്ചു" (ക്വുർആൻ 37:101).

തന്നെ അറുക്കണമെന്ന നാഥന്റെ കൽപന പിതാവ് ഇബ്റാഹീംﷺ ഇസ്മാഈലിﷺനെ അറിയിച്ചപ്പോൾ ഇസ്മാഈലിന്റെ പ്രതികരണം അദ്ദേഹത്തിന്റെ സഹനശീലവും അവധാനതയും സഹിഷ്ണുതയുമാണ് വിളിച്ചറിയിക്കുന്നത്. അദ്ദേഹം പറഞ്ഞതു നോക്കൂ:

"അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്" (ക്വുർആൻ 37:102).

ഇബ്റാഹീം നബിﷺയും അപ്രകാരം സഹനീശീലവും അവധാനതയുമുള്ള പ്രവാചകനായിരുന്നു. വിശുദ്ധ ക്വുർആനിൽ രണ്ടിടങ്ങളിൽ അദ്ദേഹത്തിനുള്ള വിശേഷങ്ങൾ നോക്കൂ: "തീർച്ചയായും ഇബ്റാഹീം സഹനശീലനും ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്" (ക്വുർആൻ 11:75).

"തീർച്ചയായും ഇബ്റാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമാകുന്നു" (ക്വുർആൻ 9:114).

കോപം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കലും പ്രതികരണ ശേഷിയുണ്ടായിട്ടും പ്രതികരിക്കാതെ സഹിഷ്ണുത അവലംബിക്കലും മഹത്തായ കാര്യമാണ്. അത്തരക്കാർ ഏറെ വിശിഷ്ടരുമാണ്. ചില തിരുമൊഴികൾ ഇവിടെ നൽകുന്നു:

മുആദ്അൽജുഹനിﷺയിൽനിന്ന് നിവേദനം. തിരുദൂതർ പറഞ്ഞു: "ആരെങ്കിലും കോപം നടപ്പിലാക്കു വാൻ കഴിവുണ്ടായിട്ടും അത് അടക്കിയാൽ അന്ത്യനാളിൽ അയാളെ അല്ലാഹു മുഴുസൃഷ്ടികൾക്കിടയിൽ പ്രശംസിച്ചുകൊണ്ട് വിളിക്കും. ശേഷം സ്വർഗീയസ്ത്രീകളിൽ താനുദ്ദേശിക്കുന്നവരെ തെരഞ്ഞെടുക്കുവാൻ അയാൾക്ക് സ്വാതന്ത്ര്യം നൽകും" (സുനനുത്തിർമിദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നു ഉമറിﷺൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "ജനങ്ങളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടക്കാരൻ കോപം അടക്കുന്നവനാണ്. വല്ലവനും തന്റെ ദേഷ്യം അടക്കിയാൽ അയാളുടെ നഗ്നത അല്ലാഹു മറക്കുന്നതാണ്. ഒരാൾ, അയാളുദ്ദേശിച്ചാൽ തന്റെ കോപം തീർക്കാൻ അയാൾക്ക് സാധി ക്കുന്നതാണ്, എന്നിട്ടും അയാൾ അത് ഒതുക്കിയാൽ അന്ത്യനാളിൽ അയാളുടെ ഹൃദയം അല്ലാഹു തൃപ്തി കൊണ്ട് നിറക്കുന്നതാണ്" (മുഅ്ജമുത്ത്വബറാനി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു). ●

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി



സ്വൂഫികളും വിശ്വാസവ്യതിയാനങ്ങളും 7



# പ്രമാണങ്ങളെ അവഗണിക്കുന്നവർ

സ്വൂഫികൾ പണ്ഡിതന്മാരുടെ സ്ഥാനം കുറച്ചുകാണുന്നവരാണെന്നും അവരുടെ ശ്രേഷ്ഠത മനസ്സിലാക്കാത്തവരാണെന്നും കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. എന്നാൽ അനവധി സൂക്തങ്ങളിലൂടെ അവരുടെ ഉന്നതമായ സ്ഥാനവും പദവിയും ഇസ്‌ലാം വ്യക്തമാക്കിയിട്ടുണ്ട്.

"നിനക്കു മുമ്പ് മനുഷ്യന്മാരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചു നോക്കുക" (ക്വുർആൻ 16:43).

"സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കു വന്നുകിട്ടിയാൽ അവരത് പ്രചരിപ്പിക്കുകയായി. അവരത് റസൂലിന്റെയും അവരിലെ കാര്യവിവരമുള്ളവരുടെയും തീരുമാനത്തിന് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽ അത് നിരീക്ഷിച്ച് മനസ്സിലാക്കാൻ കഴിവുള്ളവർ അതിന്റെ യഥാർഥ്യം മനസ്സിലാക്കിക്കൊള്ളുമായിരുന്നു. നിങ്ങളുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ അൽപം ചിലരൊഴികെ പിശാചിനെ പിൻപറ്റുമായിരുന്നു" (ക്വുർആൻ 4:83).

ഔലിയാക്കളുടെ ക്വബ്റുകൾക്കു മീതെ ശവകുടീരങ്ങൾ പടുത്തുയർത്തലും സൂഫികളുടെ ഒരു ആചാരമാണ്. എന്നാൽ നബിﷺയാകട്ടെ ക്വബ്റുകൾക്കു മീതെ കെട്ടിടം നിർമിക്കുന്നതിനെ വിരോധിക്കുകയാ ണ് ചെയ്തിട്ടുള്ളത്. സ്വഹീഹു മുസ്‌ലിമിൽ വന്ന ജാബിർ﵁വിന്റെ ഹദീഥിൽനിന്നും ഇക്കാര്യം വ്യക്തമാണ്.

(സ്വഹീഹു മുസ്‌ലിമിൽ 'ക്വബ്ർ കുമ്മായമിടുന്നതും അതിന്മേൽ കെട്ടിടം നിർമിക്കുന്നതും വിരോധി ക്കൽ' എന്ന ശീർഷകത്തിലാണ് ഈ ഹദീഥുള്ളത്. പ്രസ്തുത ഹദീഥ് ഇപ്രകാരമാണ്: ജാബിർ﵁ പറയുന്നു: "ക്വബ്ർ കുമ്മായമിടുന്നതും അതിന്മേൽ ഇരിക്കുന്നതും ക്വബ്റിന്മേൽ കെട്ടിടമുണ്ടാക്കുന്നതും നബിﷺ വിരോധിച്ചിരിക്കുന്നു" -വിവർത്തകൻ)

അമീറുൽ മുഅ്മിനീൻ അലിയ്യുബ്നു അബീ ത്വാലിബ്﵁ അബുൽ ഹയ്യാജ് അൽഅസദി﵁യോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ എന്നെ നിയോഗിച്ചയച്ച ഒരു കാര്യത്തിന് ഞാൻ നിന്നെ നിയോഗിക്കട്ടെയോ? അതായത്, ഉയർന്നുനിൽക്കുന്ന ഒരു ക്വബ്റും നിരപ്പാക്കാതെ നീ വിട്ടുകളയരുത്" (മുസ്‌ലിം, അബൂദാവൂദ്, തിർമിദി, നസാഈ).

ജിഹാദ് (ധർമ സമരം), നന്മ കൽപിക്കലും തിന്മ വിരോധിക്കലും, മതവിധികൾ ജനങ്ങളെ പഠിപ്പിക്കൽ തുടങ്ങി ഇസ്‌ലാം നിർദേശിച്ചതും മഹത്ത്വം വിവരിച്ചതുമായ ഉൽകൃഷ്ട കർമങ്ങൾ ഉപേക്ഷിക്കലും സ്വൂഫികളുടെ മറ്റൊരു രീതിയാണ്.

നബിﷺ പറയുന്നു:''അല്ലാഹുവിന്റെ മാർഗത്തിൽ രാവിലെയോ വൈകുന്നേരമോ സഞ്ചരിക്കൽ ഈലോകത്തെയും അതിലുള്ളതിനെക്കാളുമൊക്കെ ഉത്തമമാണ്'' (ബുഖാരി, മുസ്‌ലിം).

നബിﷺ പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ ഏതൊരു ദാസന്റെ കാൽപാദങ്ങളിൽ മണ്ണു പുരളുന്നുവോ അയാളെ നരകാഗ്നി സ്പർശിക്കുകയില്ല" (ബുഖാരി).

ഈ ഹദീഥുകളൊക്കെ ഇമാം ബുഖാരി ഉദ്ധരിച്ച പ്രബലമായ റിപ്പോർട്ടുകളാണ്. നന്മ കൽപിക്കുന്നതിനെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക: "മനുഷ്യവംശത്തിനു വേണ്ടി രംഗത്തുകൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു" (ക്വുർആൻ 3:110).

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപ്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്." (9:71)

സ്വഹീഹു മുസ്‌ലിമിൽ അബൂസഈദ്﵁ന്റെ ഹദീഥിൽ ഇപ്രകാരം കാണാം. നബിﷺ പറഞ്ഞു: "നിങ്ങളിലാരെങ്കിലും വല്ല തിന്മയും കാണുന്നുവെങ്കിൽ തന്റെ കൈകൊണ്ട് അതിനെ തടുക്കട്ടെ, അതിന് കഴിയുന്നില്ലെങ്കിൽ തന്റെ നാവുകൊണ്ടും അതിനും സാധിക്കുന്നില്ലെങ്കിൽ തന്റെ ഹൃദയം കൊണ്ടും. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്."

നല്ല പരമ്പരയോടെ സുനനുകളിൽ ഇപ്രകാരം വന്നിക്കുന്നു: നബിﷺ പറയുന്നു: "ജനങ്ങൾ അക്രമിയെ കണ്ടിട്ടും അയാളുടെ കൈകൾക്ക് പിടിക്കുന്നില്ലെങ്കിൽ അല്ലാഹു അവർക്ക് മൊത്തത്തിൽ ശിക്ഷയിറക്കുന്നതാണ്" (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ).

ജനങ്ങളെ പഠിപ്പിക്കുന്നതിന്റെയും ഇസ്‌ലാമിക പ്രബോധനത്തിന്റെയും പ്രാധാന്യവും മഹത്ത്വവും സംബന്ധിച്ച് നബിﷺയുടെ ഈ വാക്കുകൾ കാണുക: "നീ മുഖേന ഒരാളെ അല്ലാഹു സന്മാർഗത്തിലാക്കുന്നത് മുന്തിയതരം ചുവന്ന ഒട്ടകങ്ങൾ നിനക്കുണ്ടാകുന്നതിനെക്കാൾ ഉത്തമമാണ്" (ബുഖാരി, മുസ്‌ലിം).

"ആരെങ്കിലും ഒരാളെ ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അത് പിൻപറ്റുന്നവരുടേതിനൊക്കെയും സമാനമായ പ്രതിഫലം അയാൾക്കുണ്ടായിരിക്കും. അത് അവരുടെ പ്രതിഫലത്തിൽ നിന്നും യാതൊരു കുറവും വരുത്തുകയുമില്ല"(മുസ്‌ലിം).

പ്രബലമായ പരമ്പരയോടുകൂടി തിർമിദി ഉദ്ധരിക്കുന്ന അബൂഉമാമ﵁യുടെ ഹദീഥിൽ നബിﷺ പറയുന്നു: "ഭക്തനെ അപേക്ഷിച്ച് ഒരു പണ്ഡിതന്റെ ശ്രേഷ്ഠത, നിങ്ങളിൽ ഏറ്റവും താഴെയുള്ള ഒരാളെയപേക്ഷിച്ച് എന്റെ ശ്രേഷ്ഠത പോലെയാണ്. തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും ആകാശങ്ങളിലും ഭൂമിയിലുമള്ളവരും മാളത്തിലുള്ള ഉറുമ്പും മത്സ്യം വരെയും ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നവർക്കായി അനുഗ്രഹത്തിന് വേണ്ടി പ്രാർഥിക്കുന്നതാണ്."

(അല്ലാഹു അനുഗ്രഹം ചെയ്യുമെന്നും മറ്റുള്ളവർ അനുഗ്രഹത്തിനായി അല്ലാഹുവോട് പ്രാർഥിക്കുമെന്നും വിവക്ഷ-വിവർത്തകൻ).

ഇബ്നു മസ്ഊദി﵁ന്റെ ഹദീഥിൽ നബിﷺ പറയുന്നു: "നമ്മിൽ നിന്നും വല്ലതും കേൾക്കുകയും

എന്നിട്ട് അതു കേട്ടപ്രകാരം തന്നെ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തയാളെ അല്ലാഹു പ്രശോഭിപ്പിക്കട്ടെ! നേരിട്ട് കേൾക്കുന്നവരെക്കാൾ വാർത്തയെത്തുന്ന എത്രയോ ആളുകൾ കൂടുതലായി അത് ഉൾക്കൊള്ളുന്നുണ്ടാവും" (തിർമിദി).

എന്നാൽ സ്വൂഫികളെ കുറിച്ച് നിങ്ങളന്വേഷിച്ചുനോക്കിയാൽ നബിﷺയുടെ ഹദീഥുകൾ പഠിക്കുന്ന രീതി അവർക്കിടയിൽ നിങ്ങൾക്ക് കാണാൻ കഴിയില്ല.

അന്യ സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള പരസ്പര സമ്പർക്കവും അവരിൽ കാണുന്ന മറ്റൊരു ദുഷ്പ്രവണതയാണ്.

(അന്യസ്ത്രീ-പുരുഷന്മാർ തമ്മിൽ പാലിക്കേണ്ട ഇസ്‌ലാം പഠിപ്പിച്ച വിധത്തിലുള്ള മറയും അകൽച്ചയുമൊന്നും അവർ ശ്രദ്ധിക്കുകയോ പാലിക്കുകയോ ചെയ്യാറില്ല എന്നർഥം-വിവർത്തകൻ).

എന്നാൽ നബിﷺ പറയുന്നത് കാണുക:"ഒരു പുരുഷനും അന്യസ്ത്രീയുമായി തനിച്ചാകരുത്" (ബുഖാരി, മുസ്‌ലിം).

"നിങ്ങൾ അന്യസ്ത്രീകളുടെയടുക്കൽ പ്രവേശിക്കുന്നത് സൂക്ഷിക്കുക"(ബുഖാരി, മുസ്‌ലിം).

നബിﷺ കൊണ്ടുവന്ന മാതൃകയനുസരിച്ചല്ലാതെ ഒരു ആരാധനാകർമവും നാം ചെയ്തുകൂടാ എന്നാണ് പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. അതായത്, നബിﷺയുടെ മാതൃകയില്ലാത്ത ഏതൊരു ആരാധനാകർമവും നൂതനാചാരവും (ബിദ്അത്ത്) വഴികേടുമായിരിക്കും.

അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്"(33:21).

"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളിയും അവർക്കുണ്ടോ?" (42:21).

നബിﷺ പറയുന്നു: "നമ്മുടെ ഈ കാര്യത്തിൽ (ദീനിൽ) ആരെങ്കിലും അതിലില്ലാത്ത വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തിരസ്കരിക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം).

"വചനങ്ങളിൽ ഉത്തമം അല്ലാഹുവിന്റെ ഗ്രന്ഥമായ ക്വുർആനാണ്. മാതൃകകളിൽ ഉത്തമം മുഹമ്മദ് നബിﷺയുടെ മാതൃകയാണ്. കാര്യങ്ങളിൽ ഏറ്റവും ചീത്തയായത് നൂതന നിർമിതികളാണ്. എല്ലാ നൂതന ആചാരങ്ങളും വഴികേടാണ്"(മുസ്‌ലിം).

"നിങ്ങൾ എന്റെ സുന്നത്തും എനിക്കു ശേഷം സച്ചരിതരായ ഖലീഫമാരുടെ ചര്യയും പിൻപറ്റുക.



അവ നിങ്ങൾ മുറുകെപിടിക്കുക. അണപ്പല്ലുകൾ കൊണ്ടവയെ നിങ്ങൾ കടിച്ചുപിടിക്കുക. പുതു നിർമിതങ്ങളായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും പുത്തനാചാരങ്ങളൊക്കെയും വഴികേടാണ്" (സിൽസിലത്തുസ്സ്വഹീഹ: 2735).

നസാഈ(റ)യുടെ റിപ്പോർട്ടിൽ ഇത്ര കൂടിയുണ്ട്: "എല്ലാ വഴികേടും നരകത്തിലുമാണ്."

ഇത്രയൊക്കെ പ്രമാണവചനങ്ങൾ ഉണ്ടായിട്ടും സൂഫികൾ ദീനിൽ സ്ഥിരപ്പെട്ടിട്ടില്ലാത്തതും നബിﷺയുടെ സ്വഹാബികൾ ചെയ്തിട്ടില്ലാത്തതുമായ എത്രയോ ആചാരങ്ങൾ പടച്ചുണ്ടാക്കിയിരിക്കുന്നു! പള്ളി കൾക്കു പുറമെ ആരാധനകൾക്കായി പ്രത്യേക കേന്ദ്രങ്ങളുണ്ടാക്കുന്നതും പാട്ടും കൂത്തും നൃത്ത മേളങ്ങളും ഒക്കെ സംഘടിപ്പിക്കലും ഇത്തരം പുത്തനാചാരങ്ങളാണ്. ദിക്റുകൾ കേട്ടുകൊണ്ട് മസ്തും ബുദ്ധിഭ്രംശവും പ്രകടിപ്പിക്കലും അല്ലാഹുവിനോടുള്ള അനുരാഗ ജൽപനവും പ്രവാചകന്മാരുടെയും ഔലിയാക്കന്മാരുടെയും ജന്മദിനങ്ങൾ ആഘോഷിക്കലും സ്വൂഫീ ശൈഖുമാർക്കുള്ള ബൈഅത്തും അല്ലാഹുവിന്റെ വെറും പേരു മാത്രം കൊണ്ട് അല്ലാഹ്, അല്ലാഹ്... അല്ലെങ്കിൽ ഹു, ഹു എന്നിങ്ങനെ ദിക്ർ ചൊല്ലലും ശവകുടീരങ്ങളിലേക്കുള്ള തീർഥയാത്രകളും ഒക്കെ വഴിപിഴച്ച നൂതനാചാരങ്ങളാണ്. മാത്രമല്ല, ഹജ്ജുപോലെ വർഷത്തിൽ ഇത്തരം സിയാറത്തിനായി പ്രത്യേക ദിവസങ്ങൾ നിശ്ചയിക്കുകകയും ലക്ഷ ങ്ങൾ ചെലവഴിച്ചുകൊണ്ട് അതിനായി ഒരുമിച്ചുകൂടുന്നതും നിങ്ങൾക്ക് കാണാം. നബിﷺയാകട്ടെ ഹജ്ജിലല്ലാതെ ഇത്തരമൊരു വാർഷിക സംഗമം സമുദായത്തിന് മതപരമാക്കി മാതൃക കാണിച്ചിട്ടില്ല.

നബിമാരുടേതുപോലെ ഔലിയാക്കന്മാരുടെ

'ആഥാറുകൾ' കൊണ്ടും ബർകത്തെടുക്കുന്ന രീതി സ്വൂഫികൾക്കിടയിലുണ്ട്. (അവരുടെ ശേഷിപ്പുകൾ എന്ന് സാരം. അഥവാ അവർ ഉപയോഗിച്ചതും ഉപേക്ഷിച്ചു പോയതുമായ വസ്തുക്കൾ-വിവർത്തകൻ).

പ്രമാണങ്ങളിലൂടെ സ്ഥിരപ്പെട്ടുവന്ന വസ്തുക്കൾ കൊണ്ട് മാത്രമെ ബർകത്തെടുക്കാൻ പാടുള്ളൂ. അതുകൊണ്ടാണ് അബൂബക്കറിﷺന്റെയും ഉമറിﷺന്റെയും 'ആഥാറു'കൾ കൊണ്ട് സ്വഹാബികൾ ആരും ബർകത്തെടുക്കാതിരുന്നത്. അവരാകട്ടെ, നബിﷺക്കു ശേഷം ഈ ഉമ്മത്തിലെ ഏറ്റവും ഉൽകൃഷ്ടരായ വ്യക്തിത്വങ്ങളാണ്.

അപ്രകാരം തന്നെ ഔലിയാക്കളെ കൊണ്ട് സത്യം ചെയ്യലും പാടുള്ളതല്ല. 'സയ്യിദ് ബദവിയുടെ ജീവിതം തന്നെയാണെ സത്യം!' എന്നിങ്ങനെ പറയൽ അനുവദനീയമല്ല. (നമ്മുടെ നാട്ടിൽ മുഹ്‌യുദ്ദീൻ ശൈഖ് തന്നെയാണെ സത്യം, ബദ്‌രീങ്ങൾ തന്നെയാണെ സത്യം എന്നൊക്കെ പറയാറുള്ളതും ഇതുപോലെ യാണ്-വിവർത്തകൻ).

കാരണം, നബിﷺ പറയുന്നു: "ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്യട്ടെ! അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ!"(ബുഖാരി, മുസ്‌ലിം).

"ആരെങ്കിലും അല്ലമാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ, തീർച്ചയായും അയാൾ അവിശ്വാസി (കാഫിർ) ആയി. അല്ലെങ്കിൽ ബഹുദൈവ വിശ്വാസി (മുശ്‌രിക്ക്) ആയി"(അഹ്മദ്, തിർമിദി).

പ്രവാചക കാലഘട്ടത്തിലെയും സ്വഹാബത്തിന്റെ കാലഘട്ടത്തിലെയും സ്ഥിതിവിശേഷങ്ങളെ കുറിച്ച് എന്താണ് മനസ്സിലാക്കിയത്? പിൽകാലക്കാരായ ഈ സൂഫികൾ ആ കാലക്കാരെക്കാൾ ഉൽകൃഷ്ടരാണെന്നാണോ? അതുമാത്രമല്ല ചിന്തയും ബുദ്ധിയുമൊക്കെ ഒഴിവാക്കണമെന്നും തങ്ങളുടെ പക്കലുള്ള മത നിയമങ്ങളിലേക്കൊന്നും നോക്കരുതെന്നും ഔലിയാക്കളെന്ന് തങ്ങൾ പറയുന്ന ആളുകളെ അനുസരിക്കുകയാണ് വേണ്ടതെന്നുമാണ് മുരീദുമാരോട് ഇവർ ആവശ്യപ്പെടുന്നത്.

കറാമത്തുകളെക്കുറിച്ച് പറയുകയാണെങ്കിൽ; നാം അവയിൽ വിശ്വസിക്കുന്നു. പക്ഷേ, കറാമത്തു നൽകപ്പെടാത്തവരെക്കാൾ അത് നൽകപ്പെട്ടവരാണ് ഏറ്റവും ഉത്തമർ എന്നില്ല. ചിലപ്പോൾ ഏറ്റവും ഉത്തമരായവർക്ക് നൽകാതെ അവർക്ക് താഴെയുള്ള ഉത്തമർക്ക് അത് നൽകപ്പെട്ടേക്കാം. ചിലപ്പോൾ അത് ഒരു പരീക്ഷണവുമായേക്കാം. അതായത്, അതുണ്ടായതിന് ശേഷവും അയാൾ നബിﷺയുടെ മാതൃക മുറുകെപിടിച്ച് ജീവിക്കുണ്ടോ അതല്ല അഹംഭാവം നടിച്ച് തന്റെ സ്ഥിതിയിൽ വഞ്ചിതനാവുകയാണോ എന്ന പരീക്ഷണം. പിന്നെ, കറാമത്തുണ്ടാവുകയെന്നത് ലക്ഷ്യമല്ല. കറാമത്തുകൊണ്ട് ഒരാളുടെ സ്ഥാനം അല്ലാഹുവിന്റെയടുക്കൽ വർധിക്കുന്നില്ല. പ്രത്യുത അല്ലാഹുവിനെ അനുസരിച്ച്, അവന് വഴിപ്പെട്ട് ജീവിക്കുന്നതിലൂടെയാണ് ഒരാളുടെ പദവി അധികരിക്കുന്നത്. അതുകൊണ്ടാണിങ്ങനെ പറയുന്നത്: "നീ നേർമാർഗത്തിലുറച്ച് നിൽക്കാനായി പ്രാർഥിക്കുക, അല്ലാതെ കറാമത്തിന് വേണ്ടിയല്ല പ്രാർഥിക്കേണ്ടത്. നിന്റെ റബ്ബ് നിന്നിൽനിന്ന് നേരെ ചൊവ്വെ നിലനിൽക്കലാണ് (ഇസ്തികാമത്ത്)ആവശ്യപ്പെടുന്നത്. കറാമത്തുണ്ടാവുക എന്നതല്ല ഒരാൾ വലിയ്യാകുന്നതിനുള്ള മാനദണ്ഡം. 'വിലായത്ത്' സത്യവിശ്വാസം കൊണ്ടും തക്വ്‌വ കൊണ്ടുമാണ് ഉണ്ടാകുന്നത്. അല്ലാതെ കറാമത്തുകൾ കൊണ്ടല്ല."

അല്ലാഹു പറയുന്നു: "ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ"(10:62,63).

അസാധാരണ സംഭവങ്ങളുണ്ടായില്ല എന്നതുകൊണ്ട് ഒരു സത്യവിശ്വാസിക്ക് യാതൊരു തകരാറുമില്ല. അല്ലാഹുവിന്റെയടുക്കൽ അയാളുടെ പദവിക്ക് യാതൊരു കുറവും സംഭവിക്കുകയില്ല. എന്നാൽ പ്രാർഥനക്ക് ഉത്തരം കിട്ടുന്നതിനെ കുറിച്ചാണെങ്കിൽ അല്ലാഹുവിനോട് പ്രാർഥിക്കുന്നവർക്ക് അവൻ ഉത്തരം ചെയ്യും എന്നതാണ് അടിസ്ഥാനം. എന്നാൽ പ്രാർഥനക്ക് ഉത്തരം കിട്ടുന്നതിന് ചില പ്രതിബന്ധങ്ങൾ ഒരുപക്ഷേ, ഉണ്ടായേക്കാം. അതല്ലെങ്കിൽ ചിലപ്പോൾ ആ പ്രാർഥനക്ക് ഉത്തരം കിട്ടാതിരിക്കലായിരിക്കും ആ അടിമയെ സംബന്ധിച്ചിടത്തോളം നന്നായിട്ടുള്ളത്. അങ്ങനെ അതിന്റെ പ്രതിഫലം അല്ലാഹു അയാൾക്ക് പരലോകത്തേക്ക് സൂക്ഷിച്ചുവെക്കും. അല്ലാതെ ഒരാളുടെ പ്രാർഥനക്ക് ഉത്തരം കിട്ടി എന്നതുകൊണ്ട് മറ്റുള്ളവരെക്കാളൊക്കെ ഉൽകൃഷ്ടനാണ് ആ വ്യക്തി എന്നോ, അല്ലാഹുവിനോട് അനുസരണക്കേടാവുന്ന കാര്യങ്ങളിലും അയാളെ അനുസരിക്കാമെന്നോ അതിനർഥമില്ല. 'പുനരുത്ഥാനനാൾ വരേക്കും ആയുസ്സ് നൽകേണമേ' എന്ന ഇബ്‌ലീസിന്റെ പ്രാർഥനക്കും ഉത്തരം നൽകപ്പെട്ടിട്ടുണ്ടല്ലൊ! മഹാനായ മുഹമ്മദ് നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ച അനവധി പ്രാർഥനകൾക്ക് ഉത്തരം കിട്ടിയിട്ടുണ്ട് എന്നതിനോടൊപ്പം തന്നെ തന്റെ പിതൃവ്യനായ അബൂത്വാലിബിന് വേണ്ടി പ്രാർഥിച്ചതിന് ഉത്തരം കിട്ടിയില്ല. എന്നു മാത്രമല്ല അല്ലാഹുവിന്റെ ഈ വചനം അവതരിക്കുകയാണ് ചെയ്തത്.

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ അല്ലാഹു താനുദ്ദേശിച്ചവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെ പറ്റി അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു" (ക്വുർആൻ 28:56). ●

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

# جامعة الهند الإسلامية
# JAMIA AL-HIND AL-ISLAMIYYA
# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

**വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം**

**2020–21 അധ്യയന വർഷത്തേക്ക്
വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു**

## തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.
**സെലക്ഷൻ ക്യാമ്പ്: ഏപ്രിൽ 13,14,15**

## മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.
**സെലക്ഷൻ ക്യാമ്പ്: ഏപ്രിൽ 15,16,17**

## കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അക്വീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.
**സെലക്ഷൻ ക്യാമ്പ്: ഏപ്രിൽ 14,15**

## തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.
**സെലക്ഷൻ ക്യാമ്പ്: ഏപ്രിൽ 14,15**

**രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:
www.jamiaalhind.com, ww.schoolofquran.in**

## സ്കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 23 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

## അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 25 കേന്ദ്രങ്ങൾ.

## അത്തയ്സീർ

ക്വുർആൻ പഠനത്തിനായി റമദാനിൽ മാത്രമായി നടത്തപ്പെടുന്ന പ്രത്യേക പദ്ധതി. ജാമിഅ ക്യാമ്പസ് മസ്ജിദിലും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായി ക്ലാസുകൾ.

**ടെലഫോൺ: 0494 2951725, +91 9961725725**

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ക്വുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തയ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com I www.schoolofquran.in

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 65, ഭാഗം: 2

# ത്വലാഖ് (വിവാഹമോചനം)

(മദീനയിൽ അവതരിച്ചത്)

وَٱلَّٰٓـِٔي يَئِسۡنَ مِنَ ٱلۡمَحِيضِ مِن نِّسَآئِكُمۡ إِنِ
ٱرۡتَبۡتُمۡ فَعِدَّتُهُنَّ ثَلَٰثَةُ أَشۡهُرٖ وَٱلَّٰٓـِٔي لَمۡ
يَحِضۡنَۚ وَأُوْلَٰتُ ٱلۡأَحۡمَالِ أَجَلُهُنَّ أَن يَضَعۡنَ
حَمۡلَهُنَّۚ وَمَن يَتَّقِ ٱللَّهَ يَجۡعَل لَّهُۥ مِنۡ أَمۡرِهِۦ
يُسۡرٗا ٤
ذَٰلِكَ أَمۡرُ ٱللَّهِ أَنزَلَهُۥٓ إِلَيۡكُمۡۚ وَمَن يَتَّقِ ٱللَّهَ
يُكَفِّرۡ عَنۡهُ سَيِّـَٔاتِهِۦ وَيُعۡظِمۡ لَهُۥٓ أَجۡرًا ٥
أَسۡكِنُوهُنَّ مِنۡ حَيۡثُ سَكَنتُم مِّن وُجۡدِكُمۡ وَلَا
تُضَآرُّوهُنَّ لِتُضَيِّقُواْ عَلَيۡهِنَّۚ وَإِن كُنَّ أُوْلَٰتِ
حَمۡلٖ فَأَنفِقُواْ عَلَيۡهِنَّ حَتَّىٰ يَضَعۡنَ حَمۡلَهُنَّۚ فَإِنۡ
أَرۡضَعۡنَ لَكُمۡ فَـَٔاتُوهُنَّ أُجُورَهُنَّ وَأۡتَمِرُواْ بَيۡنَكُم
بِمَعۡرُوفٖۖ وَإِن تَعَاسَرۡتُمۡ فَسَتُرۡضِعُ لَهُۥٓ أُخۡرَىٰ ٦

4. നിങ്ങളുടെ സ്ത്രീകളിൽ നിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദഃയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും അങ്ങനെ തന്നെ. ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്നപക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കി കൊടുക്കുന്നതാണ്.
5. അത് അല്ലാഹുവിന്റെ കൽപനയാകുന്നു. അവനത് നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്നപക്ഷം അവന്റെ തിൻമകളെ അവൻ മായ്ച്ചുകളയുകയും അവന്നുള്ള പ്രതിഫലം അവൻ വലുതാക്കി കൊടുക്കുകയും ചെയ്യുന്നതാണ്.
6. നിങ്ങളുടെ കഴിവിൽ പെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം. അവർക്കു ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നതുവരെ നിങ്ങൾ അവർക്കു ചെലവുകൊടുക്കുകയും ചെയ്യുക. ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞിന്) മുലകൊടുക്കുന്ന പക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക. നിങ്ങൾ തമ്മിൽ മര്യാദപ്രകാരം കൂടിയാലോചിക്കുകയും ചെയ്യുക. ഇനി നിങ്ങൾ ഇരുവിഭാഗത്തിനും ഞെരുക്കമാവുകയാണെങ്കിൽ അയാൾക്കു വേണ്ടി മറ്റൊരു സ്ത്രീ മുലകൊടുത്തുകൊള്ളട്ടെ.

لِيُنفِقْ ذُو سَعَةٍ مِّن سَعَتِهِۦ ۖ وَمَن قُدِرَ عَلَيْهِ رِزْقُهُۥ فَلْيُنفِقْ مِمَّآ ءَاتَىٰهُ ٱللَّهُ ۚ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا مَآ ءَاتَىٰهَا ۚ سَيَجْعَلُ ٱللَّهُ بَعْدَ عُسْرٍ يُسْرًا ﴿٧﴾

7. കഴിവുള്ളവൻ തന്റെ കഴിവിൽ നിന്ന് ചെലവിനു കൊടുക്കട്ടെ. വല്ലവന്നും തന്റെ ഉപജീവനം ഇടുങ്ങിയതായാൽ അല്ലാഹു അവന്നു കൊടുത്തതിൽ നിന്ന് അവൻ ചെലവിന് കൊടുക്കട്ടെ. ഒരാളോടും അല്ലാഹു അയാൾക്ക് കൊടുത്തതല്ലാതെ (നൽകാൻ) നിർബന്ധിക്കുകയില്ല. അല്ലാഹു ഞെരുക്കത്തിനു ശേഷം സൗകര്യം ഏർപെടുത്തികൊടുക്കുന്നതാണ്.

4). ദീൻ നിർദേശിച്ച ത്വലാക് സ്ത്രീയുടെ ഇദ്ദയോട് കൂടിയുള്ളതാണ്. ഇവിടെ ഇദ്ദയെക്കുറിച്ചാണ് അല്ലാഹു തുടർന്ന് പറയുന്നത്. (നിങ്ങളുടെ സ്ത്രീകളിൽ നിന്നും ആർത്തവത്തെ സംബന്ധിച്ച നിരാശപ്പെട്ടിടുള്ളവരെ സംബന്ധിച്ചടത്തോളം നിങ്ങൾ അവരുടെ ഇദ്ദയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ) അതായത് അവർ മുമ്പ് ആർത്തവമുള്ളവരായിരിക്കും, പിന്നീട് അത് ഇല്ലാതായി വാർധക്യം മൂലമോ മറ്റ് വല്ല കാരണത്താലോ ഇനിയത് തിരിച്ചുവരുമെന്ന പ്രതീക്ഷിക്കുന്നുമില്ല. (അത് മൂന്ന് മാസമാകുന്നു) ഓരോ ആർത്തവത്തിനും പകരം ഒരു മാസം നിശ്ചയിച്ചു. (ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും അങ്ങനെതന്നെ) ആർത്തവമുണ്ടായിട്ടില്ലാത്ത കുട്ടികൾ അല്ലെങ്കിൽ പ്രായപൂർത്തിയായിട്ടും ശരിയായ അർഥത്തിൽ ആർത്തവമുണ്ടായിട്ടില്ലാത്ത സ്ത്രീകൾ. അവരും ആർത്തവമുണ്ടാകാത്തവരിൽ പെടും. അവരുടെ ഇദ്ദ മൂന്ന് മാസമാണ്. എന്നാൽ ആർത്തവമുള്ളവരുടെ കാര്യമാണ് അല്ലാഹു പറഞ്ഞത്:

وَٱلْمُطَلَّقَٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍ ۚ

"വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്ന് മാസമുറകൾ കാത്തിരിക്കേണ്ടതാണ്" (ക്വുർആൻ2:228).

(ഗർഭവതികളായ സ്ത്രീകളാവട്ടെ അവരുടെ അവധി) അതായത് അവരുടെ ഇദ്ദ സമയം.

(അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു) ഒന്നോ അതിലധികമോ ആവട്ടെ ഗർഭത്തിലുള്ളത് മുഴുവൻ പ്രസവിക്കലാണ് അവരുടെ പരിധി. അതിൽ മാസത്തെയോ മറ്റോ പരിഗണിക്കേണ്ടതില്ല.

(അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷേ, അവന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കി കൊടുക്കുന്നതാണ്) ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ അവന്റെ കാര്യങ്ങൾ അല്ലാഹു എളുപ്പമാക്കിക്കൊടുക്കും. എല്ലാ പ്രയാസങ്ങൾ ഇല്ലാതാക്കിക്കൊടുക്കുകയും ചെയ്യും.

5). (അത്) അല്ലാഹു നിങ്ങൾക്ക് വിശദീകരിച്ചു തന്ന ഈ വിധി (അല്ലാഹുവിന്റെ കൽപനയാകുന്നു അവൻ നിങ്ങൾക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു) അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കാനും അതിനെ മാതൃകയാക്കാനും മഹത്വപ്പെടുത്താനും വേണ്ടി. (വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്ന പക്ഷം അവന്റെ തിന്മകളെ അവൻ മായിച്ചുകളയുകയും അവനുള്ള പ്രതിഫലം അവൻ വലുതാക്കി കൊടുക്കുകയും ചെയ്യും) ഭയപ്പെടുന്ന കാര്യങ്ങളെ തടയുകയും ആഗ്രഹിക്കുന്നത് നേടുകയും ചെയ്യും.

6). വിവാഹമോചിതകളെ വീടുകളിൽ നിന്ന് പുറത്താക്കുന്നതിനെക്കുറിച്ച് അല്ലാഹു നേരത്തെ പറഞ്ഞു. ഇവിടെ അവരെ താമസിപ്പിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്. താമസം മാന്യമായ നിലയിലായിരിക്കണമെന്നും നിശ്ചയിച്ചു. അവൻ താമസിക്കുന്ന വീടു പോലുള്ള വീടായിരിക്കണം. ഭർത്താവിന്റെ സാമ്പത്തിക ശേഷിയും പ്രയാസവും അനുസരിച്ച് (അവർക്ക് ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്). താമസസമയത്ത് വാക്കുകൊണ്ടോ പ്രവർത്തി കൊണ്ടോ അവരെ നിങ്ങൾ ഉപദ്രവിക്കരുത്. ഇദ്ദ പൂർത്തിയാക്കുന്നതിന് മുമ്പ് മടുപ്പ് തോന്നി സ്വയം വീടുകളിൽ നിന്ന് പുറത്തുപോകുന്നതിന് വേണ്ടി. അങ്ങനെ ചെയ്താൽ നിങ്ങൾ അവരെ പുറത്താക്കുന്നവർ തന്നെയാണ്. ചുരുക്കത്തിൽ അവരെ ഇദ്ദ സമയത്ത് പുറത്താക്കുന്നതും അവർ പുറത്തുപോകുന്നതും വിരോധിക്കപ്പെട്ടതാണെന്നർഥം. അവരുടെ താമസം ബുദ്ധിമുട്ടോ വിഷമമോ ഇല്ലാത്ത വിധത്തിലായിരിക്കണം എന്നും നിർദേശിക്കുന്നു. അതാണ് നന്മ.

(അവരാണെങ്കിൽ) അതായത് വിവാഹമോചിതകൾ (ഗർഭിണികളാണെങ്കിൽ അവർ അവരുടെ ഗർഭം പ്രസവിക്കുന്നത് വരെ നിങ്ങൾ അവർക്ക് ചെലവ് കൊടുക്കുകയും ചെയ്യുക. തിരിച്ചെടുക്കാൻ പറഞ്ഞ ത്വലാക് ആണെങ്കിൽ അവളുടെ ഗർഭത്തിലുള്ള കുഞ്ഞ് കാരണമാണ് ചെലവ് നൽകാൻ പറയുന്നത്. എന്നാൽ മടക്കിയെടുക്കാവുന്ന ത്വലാക് ആണെങ്കിൽ അവൾക്കും അവരുടെ ഗർഭത്തിലു

ള്ളതിനും ചെലവിന് നൽകേണ്ടതുണ്ട്. ചെലവ്
നൽകേണ്ടതിനുള്ള അവധി പ്രസവം വരെയുമാണ്.
പ്രസവിച്ചാൽ അവർക്ക് കുഞ്ഞിന് മുല കൊടുക്ക
കയോ കൊടുക്കാതിരിക്കുകയോ ചെയ്യാം.

(ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞിന്)
മുല കൊടുക്കുന്ന പക്ഷം അവർക്ക് നിങ്ങൾ അ
വരുടെ പ്രതിഫലം കൊടുക്കുക) നിശ്ചിതമായ ഒരു
തുക നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് നൽകുക. അ
ല്ലെങ്കിൽ തത്തുല്യമായ പ്രതിഫലം. (നിങ്ങൾ ത
മ്മിൽ മര്യാദപ്രകാരം കൂടിയാലോചിക്കുകയും ചെ
യ്യുക) ഇണകളിൽ ഓരോരുത്തരും മറ്റുള്ളവരുമാ
യി മര്യാദ പ്രകാരം മാന്യമായ കൂടിയാലോചന
കൾ നടത്തുക. അതിലവർക്ക് ഇരുലോകത്തും ന
ന്മയും പ്രയോജനവുമുണ്ട്. മാന്യമായ കൂടിയാലോ
ചനകളിൽ അശ്രദ്ധ കാണിച്ചാൽ അല്ലാഹുവിന്
മാത്രം അറിയാവുന്ന ധാരാളം ബുദ്ധിമുട്ടുകളും പ്ര
യാസങ്ങളും നേരിടാനിടയുണ്ട്. കൂടിയാലോചന
യിലാകട്ടെ, ധർമനിഷ്ഠയിലും പുണ്യത്തിലുമുള്ള
പരസ്പര സഹകരണമാണുള്ളത്.

ഇദ്ദയുടെ സമയത്തും ഭാര്യാഭർത്താക്കൾ വേർ
പിരിയുന്ന സമയത്തുമാണ് ഇതിന് ഏറ്റവും അ
നുയോജ്യമായ സന്ദർഭം. പ്രത്യേകിച്ചും അവർക്ക്
കുഞ്ഞ് ജനിച്ചിട്ടുണ്ടെങ്കിൽ. മിക്കവാറും ഇത്തരം
സന്ദർഭങ്ങളിൽ പരസ്പരം തർക്കങ്ങളും കലഹ
ങ്ങളും ഉണ്ടാവാറാണ് പതിവ്. വിദ്വേഷത്തോട് കൂ
ടിയാണ് അധിക വേർപിരിയലും സംഭവിക്കുക.
അപ്പോൾ കുട്ടിയുടെ ചെലവിനെക്കുറിച്ചുള്ള ചർ
ച്ചകൾ തർക്കങ്ങളിലെത്തിക്കും. അത് വലിയ പ്ര
ത്യാഘാതങ്ങൾ ഉണ്ടാക്കും. അതിനാൽ രണ്ടുപേ
രും മാന്യമായി കൂടിയാലോചന നടത്തുകയും ന
ല്ല നിലയിൽ സഹവസിക്കുകയും തർക്കവും ബു
ദ്ധിമുട്ടുകളും ഇല്ലാതാക്കുകയും ചെയ്യാൻ ഉപദേ
ശിക്കുകയാണിവിടെ.

(ഇനി നിങ്ങൾ ഇരു വിഭാഗത്തിനും ഞെരുക്കമാ
വുകയാണെങ്കിൽ) കുട്ടിയെ മുലയൂട്ടുന്ന കാര്യത്തിൽ
ഇണകൾ തമ്മിൽ യോജിപ്പിലെത്താത്തതിനാൽ.
(എങ്കിൽ അയാൾക്കു വേണ്ടി മറ്റൊരു സ്ത്രീ മു
ലകൊടുത്തുകൊള്ളട്ടെ) അവളല്ലാത്ത ഒരാൾ.

فَلَا جُنَاحَ عَلَيْهِمَا ۗ وَإِنْ أَرَدتُّمْ أَن تَسْتَرْضِعُوٓا۟
أَوْلَٰدَكُمْ فَلَا جُنَاحَ عَلَيْكُمْ إِذَا سَلَّمْتُم مَّآ
ءَاتَيْتُم بِٱلْمَعْرُوفِ ۗ وَٱتَّقُوا۟ ٱللَّهَ وَٱعْلَمُوٓا۟ أَنَّ ٱللَّهَ بِمَا
تَعْمَلُونَ بَصِيرٌ

“ആ പോറ്റുമ്മമാർക്ക്- നിങ്ങൾ നൽകേണ്ടത് മ
ര്യാദയനുസരിച്ച് കൊടുത്തുതീർക്കുകയാണെങ്കിൽ;
നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും നിങ്ങൾ
പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നു
ണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക” (2:233).

ഉമ്മയുടേതല്ലാത്ത മുലപ്പാൽ കുട്ടി സ്വീകരിക്കു
ന്ന സന്ദർഭത്തിലാണിത്. എന്നാൽ ഉമ്മയുടെ മു
ലപ്പാൽ സ്വീകരിക്കുകയും കുട്ടിയെ മുലയൂട്ടാൻ
അവൾ ഏറ്റെടുക്കുകയും ചെയ്താൽ അതവർക്ക്
നിർബന്ധമായി. അവൾ തയ്യാറായില്ലെങ്കിൽ അ
വളിൽ സമ്മർദം ചെലുത്തണം. നിശ്ചിത തുക
യോജിച്ച് തീരുമാനിച്ചിട്ടില്ലെങ്കിൽ തത്തുല്യമായ
വേതനം നൽകുകയും ചെയ്യണം. ഇത് ആ വാ
ക്യത്തിന്റെ അർഥത്തിൽ നിന്നും ലഭിക്കുന്ന ആ
ശയമാണ്. ഗർഭസമയത്ത് കുട്ടിയെ പുറത്തെത്തി
ക്കാൻ പറ്റാതിരുന്നിനാൽ ചെലവ് നൽകേണ്ട ബാ
ധ്യത രക്ഷാകർത്താവിൽ അല്ലാഹു ബാധ്യതയാ
ക്കി. എന്നാൽ ജനിച്ച് കഴിഞ്ഞാൽ ഭക്ഷണം നൽ
കൽ ഉമ്മക്കും മറ്റുള്ളവർക്കും സാധ്യമാകും. അ
പ്പോൾ അല്ലാഹു രണ്ടു കാര്യം അനുവദിച്ചു. ഉമ്മ
ക്ക് മാത്രം ഭക്ഷണം നൽകാൻ പറ്റുന്ന സമയം;
ഗർഭകാലം. അപ്പോൾ കുട്ടിയുടെ ഭക്ഷണത്തിന്
ഉമ്മയെ ഒരു വഴിയായി നിശ്ചയിച്ചു. അത് അവൾ
ക്ക് ചെലവിന് നൽകുന്നതിലൂടെ സാധ്യമാകും.

7). പിന്നീടുള്ള കുട്ടിയുടെ ചെലവ് ഭർത്താവി
ന്റെ അവസ്ഥക്ക് അനുസരിച്ച് നിശ്ചയിച്ചു. (കഴി
വുള്ളവൻ തന്റെ കഴിവിൽ നിന്ന് ചെലവിന് കൊ
ടുക്കട്ടെ) സമ്പന്നർ തന്റെ സമ്പന്നതക്കനുസരിച്ചും
ദരിദ്രൻ തന്റെ ദാരിദ്ര്യാവസ്ഥക്കനുസരിച്ചും. (വ
ല്ലവനും തന്റെ ഉപജീവനം ഇടുങ്ങിയതായാൽ) അ
തായത് അവന്റെ മേൽ പ്രയാസകരമായാൽ. (അ
ല്ലാഹു അവന് കൊടുത്തതിൽ നിന്ന് അവൻ ചെ
ലവിന് കൊടുക്കട്ടെ) ഉപജീവനത്തിൽ നിന്ന്. (ഒ
രാളോടും അല്ലാഹു അയാൾക്ക് കൊടുത്തതല്ലാ
തെ-നൽകാൻ- നിർബന്ധിക്കുകയില്ല).

ഇതു ദൈവിക കാരുണ്യത്തിന്റെയും യുക്തി
യുടെയും താൽപര്യമാണ്. എല്ലാറ്റിനും അവനൊ
രു കണക്ക് നിശ്ചയിച്ചു. പ്രയാസപ്പെടുന്നവന് ല
ഘൂകരണം നൽകി. അവന് നൽകിയതിൽ നിന്ന
ല്ലാതെ ചെലവഴിക്കാൻ നിർബന്ധിക്കില്ല. ചെലവ
ഴിക്കുന്ന കാര്യത്തിലാവട്ടെ, അല്ലാത്തതിലാകട്ടെ
ഓരോരുത്തരുടെയും കഴിവനുസരിച്ച് മാത്രമെ അ
ല്ലാഹു കൽപിക്കൂ. (അല്ലാഹു ഞെരുക്കത്തിന് ശേ
ഷം സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതാണ്)
ഇത് പ്രയാസപ്പെടുന്നവർക്കുള്ള സന്തോഷവാർ
ത്തയാണ്. തീർച്ചയായും അല്ലാഹു അവരുടെ ബു
ദ്ധിമുട്ടുകളെ നീക്കിക്കൊടുക്കുമെന്നും കഷ്ടപ്പാടു
കൾ പരിഹരിക്കുമെന്നും.

فَإِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٥﴾ إِنَّ مَعَ ٱلْعُسْرِ يُسْرًا ﴿٦﴾

“എന്നാൽ തീർച്ചയായും ഞെരുക്കത്തിന്റെ
കൂടെ ഒരു എളുപ്പമുണ്ടായിരിക്കും” (94:5)



# പറങ്കിമാങ്ങാമണമുള്ള വേനലവധിക്കാലം

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

സ്കൂൾ അവധിക്കാലത്തിന് പറങ്കിമാങ്ങയുടെ മണമായിരുന്നു. അന്ന് ഞങ്ങൾ കുട്ടികൾ വേനലവധിക്കാലം വരുന്നത് കണക്കാക്കിയിരുന്നത് മാവ് പൂക്കുന്നത് നോക്കിയായിരുന്നു. കൊല്ലപ്പരീക്ഷക്ക് മുമ്പേ മാമ്പൂക്കൾ കണ്ണിമാങ്ങയാകുന്നതും പതിയെ പ്പതിയെ വലിപ്പം വെക്കുന്നതും നോക്കിയിരിക്കും.

മദ്റസ വിട്ടുകഴിഞ്ഞാൽ ഇത്തിരി ദൂരെയുള്ള വളപ്പിലേക്ക് പോകും, പറങ്കിമാങ്ങ അറുക്കാനും പെറുക്കാനും. അനിയന്മാരും കൂട്ടിനുണ്ടാവും. നീണ്ട മുളന്തോട്ടികൊണ്ട് കൊമ്പുകുലുക്കി കശുമാങ്ങ വീഴ്ത്തും. ഒരിടത്ത് ഒരുമിച്ചു കൂട്ടും. നന്നായി പഴുത്ത് തുടുത്ത മഞ്ഞ, ചുവപ്പ് നിറത്തിലുള്ള മാങ്ങകൾ തോട്ടികൊണ്ട് പതുക്കെ ഇറുത്ത് മണ്ണിൽ വീഴാതെ കൈകൊണ്ട് പിടിച്ച് കഴിക്കും.

ചില നല്ല മാങ്ങകൾ മാവിൽ കാണുമ്പോഴേ എനിക്ക് എനിക്ക് എന്ന് പറഞ്ഞു ബുക് ചെയ്യാറുണ്ട്. ചെറിയ ചവർപ്പ് ഉണ്ടെങ്കിലും പല വർണത്തിലുള്ള മാംസളമായ പറങ്കിമാങ്ങൾ കഴിക്കുന്നത് കുട്ടിക്കാലത്തു വലിയ കൗതുകമായിരുന്നു. പിന്നെ പെറുക്കി കൂട്ടിയ പറങ്കിമാങ്ങകളിൽ നിന്ന് കശുവണ്ടി പിരിഞ്ഞു കൊട്ടയിലാക്കി വീട്ടിലേക്ക് നടന്ന് മടക്കം. തോട്ടത്തിലെ ചൂടും മാവ് കുലുക്കുമ്പോൾ വീണ് ദേഹത്ത് പറ്റിപ്പിടിക്കുന്ന വസ്തുക്കളും ചേർന്നുണ്ടാകുന്ന ചൂടും ചൊറിച്ചിലും അസ്വസ്ഥതയും മറക്കാൻ കഴിയില്ല. ചുട്ട കശുവണ്ടിയോ വറുത്തരച്ച തേങ്ങയോ ചേർത്തരച്ച ചമ്മന്തി കൂട്ടി ഇളംചൂടുള്ള കഞ്ഞി കുടിച്ചുകഴിഞ്ഞാൽ പിന്നെ കളിക്കാൻ ഒരോട്ടമാണ്. സാറ്റ് എന്ന ഒളിച്ചുകളിയും പമ്പരം കളിയും തുണികൊണ്ട് കെട്ടിക്കൂട്ടിയുണ്ടാക്കിയ പന്ത് കൊണ്ടുള്ള കളിയും ഏറെ രസകരമായിരുന്നു.

അണ്ടിക്കാലത്ത് ഇടയ്ക്കിടെ കാലുകൾക്കും കാൽവിരലുകൾക്കിടയിലും മുറിവ് ഉണ്ടാകുന്നത് പതിവായപ്പോൾ 'മണ്ണിന്റെ പക' ആണെന്ന് പറഞ്ഞു ചെരുപ്പ് വാങ്ങിത്തന്നതും അത് ധരിച്ച് തുടങ്ങിയതോടെ മുറിവുകൾ അപ്രത്യക്ഷമായതും ഓർക്കുന്നു. പിന്നീടിങ്ങോട്ട് ചെരുപ്പ് പതിവായി. ഇപ്പോൾ കൂട്ടുകാരൊത്തുള്ള പ്രഭാതസവാരിയിൽ കുറച്ചുനേരമെങ്കിലും ചെരുപ്പ് ഇല്ലാതെ നടക്കൽ ശീലമാകുമ്പോൾ, അന്നത്തെ ചെരുപ്പില്ലാത്ത കുട്ടിക്കാലം ഇടക്ക് ഓർമവരാറുണ്ട്.

കാലിയായ ബാറ്ററിപ്പെട്ടിയിൽ നിലക്കടല വറുത്തതോ കടലമിഠായിയോ ഇട്ട് കച്ചവടം നടത്തിയിരുന്ന കാലം ഓർമ വരുന്നുണ്ട്. കാശ് ആയിരിക്കില്ല, പലപ്പോഴും കശുവണ്ടിയായിരിക്കും ഉപഭോക്താക്കൾ കടല വാങ്ങാൻ തരുന്നത്. ബുക്കും പെൻസിലും വാങ്ങാൻ ഈ കച്ചവടം ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

പാടത്ത് മീൻ പിടിക്കാനും കുളത്തിലും തോടിലും ചാടിത്തിമർത്ത് കളിച്ച് പുളച്ച് കുളിക്കാനും സമയം കണ്ടെത്തിയിരുന്നു. സ്കൂൾ പൂട്ടുന്നതോടെ കുട്ടികൾ റോഡരികിൽ നാല് കുപ്പിയിൽ മിഠായിയും കുറച്ച് പാക്കറ്റുകളും വെച്ച് കച്ചവടം നടത്തുന്നത് കാണുമ്പോൾ പഴയ കുട്ടിക്കച്ചവടക്കാലം ഓർമ വരാറുണ്ട്. കൊണ്ടും കൊടുത്തും കളിയാക്കിയും കഥ പറഞ്ഞും അന്നത്തെ കാലം രസകരമായിരുന്നു. അയൽവീട്ടിലെ ബാലപ്രസിദ്ധീകരണങ്ങൾ വായിച്ച് തീർക്കലായിരുന്നു ഇഷ്ടങ്ങളിൽ ഒന്ന്. വായിച്ചുതീർത്ത് തിരിച്ച് കൊടുത്ത് മറ്റൊന്ന് വാങ്ങുമ്പോൾ ചിലത് എനിക്ക് സ്വന്തമായി തരാറുണ്ടായിരുന്നു. അതിലെ കഥകൾ പൊടിപ്പും തൊങ്ങലും ചേർത്ത് പറഞ്ഞു കൂട്ടുകാർക്കിടയിൽ ആളാവാറുണ്ടായിരുന്നു അന്ന്.

പഴുത്ത മാങ്ങകൾ കാറ്റിൽ താഴെ വീഴുന്നത് കയ്യോടെ കൈവശപ്പെടുത്താൻ കളിസ്ഥലം മാവിൻ ചോട്ടിലേക്ക് മാറ്റാറായിരുന്നു പതിവ്. വീഴുന്ന മാങ്ങകൾ ഭാഗ്യവും വേഗതയുമുള്ളവനാണ് കൈക്കലാക്കുകയെങ്കിലും ആദ്യം അവൻ കടിച്ചുതിന്ന് പിന്നീട് കൂട്ടത്തിലുള്ളവർക്ക് എല്ലാം പങ്കുവെച്ചിരുന്ന സൗഹൃദബാല്യം മറക്കാൻ കഴിയുന്നില്ല.

അല്ലലും ദാരിദ്ര്യവും വിഷമവും ഉണ്ടെങ്കിലും അന്നത്തെ കുട്ടിക്കാലം ഹൃദ്യമായിരുന്നു. ഒരിക്കലും സാധ്യമല്ലെങ്കിലും ഇന്നത്തെ കലുഷിതകാലത്തു നിന്ന് കുട്ടിക്കാലത്തെ നിഷ്കളങ്കതയിലേക്ക് തിരികെപ്പോകാൻ ആഗ്രഹിക്കാറുണ്ട്. കൂടുന്ന ചൂടും കൊറോണ പേടിയും ഇന്റർനെറ്റ് മൊബൈൽ അടിമത്തവും കാരണം ഇന്നത്തെ കുട്ടികൾക്ക് അന്നത്തെപ്പോലെയുള്ള നല്ല കുട്ടിക്കാലം നഷ്ടകുന്നോയെന്നോർത്ത് ഇടക്ക് സങ്കടപ്പെടാറുമുണ്ട്. ●

# ഇനി എല്ലാം ഒരു വിരൽ തുമ്പിൽ...

zameel
the soulmate
**Online Library**




**പഠനാർഹമായ ഓഡിയോകൾ , വീഡിയോകൾ , പുസ്തകങ്ങൾ, ലഘുലേഖകൾ ..... കേൾക്കാനും കാണാനും ഡൗൺലോഡ് ചെയ്യാനുമായി ഇതാ ഒരു മൊബൈൽ അപ്ലിക്കേഷൻ**

## പ്രത്യേകതകൾ:

- മികച്ച പരിപാടികളുടെ തത്സമയ സംപ്രേഷണം
- ഇഷ്ടമായത് സൂക്ഷിച്ച് വെക്കാനുള്ള സംവിധാനം
- ഫയൽ ഡൗൺലോഡിങ് & ഷെയറിങ് സൗകര്യം
- ഫീഡ്ബാക്ക് ഡസ്ക്
- മികച്ച നിലവാരമുള്ള ഓഡിയോ & വീഡിയോസ് മാത്രം
- കുറഞ്ഞ ഡാറ്റാ ചെലവിൽ ഫലപ്രദമായ പഠനാനുഭവം
- ആരംഭത്തിൽ തന്നെ കാറ്റഗറികൾ .. ഫയലുകൾ..
- എല്ലാ ആഴ്ചകളിലും വിവിധ പള്ളികളിൽ നിന്നുള്ള നിരവധി ഖുതുബകൾ
- ഭാവിയിൽ ഓൺലൈൻ കോഴ്സുകൾക്ക് പ്രത്യേക പദ്ധതി
- പ്രബോധന രംഗത്തെ നമ്മുടെ സ്വപ്നങ്ങൾ പങ്കുവെക്കാൻ സൗകര്യം

ANDROID APP ON Google play **ഇൻസ്റ്റാൾ ചെയ്യൂ**

## കാറ്റഗറികൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അല്ലാഹു | ഖുർആൻ | ചരിത്രം | ദുറൂസ് | പ്രവാചകന്മാർ | ഹദീസ് | നമസ്കാരം | നോമ്പ് | ഹജ്ജ് |
| പരലോകം | തൗഹീദ് | പ്രബോധനം | മുഖാമുഖം | സാമൂഹികം | പ്രാർത്ഥനകൾ | ഖുത്ബ | ഗാനങ്ങൾ | കൗമാരം |
| ശാസ്ത്രം | തീവ്രവാദം | സ്ത്രീ | സംസ്കരണം | ആനുകാലികം | കിഡ്സ് | കുടുംബം | കൗമാരം | മറ്റുള്ളവ |

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 MARCH 28

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


## രജിസ്ട്രേഷൻ ആരംഭിച്ചു

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ

جامعة الهند الإسلامية
School Of Qur'an



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in